# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 9, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--339]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 5870 മുതൽ 5978 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 5979 മുതൽ 6052 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 6053 മുതൽ 6117 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 6118 മുതൽ 6208 വരെ |

**ക്ഷേമ പെൻഷൻ നൽകാൻ വിനിയോഗിക്കുന്ന തുക**

5870 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് ക്ഷേമ പെൻഷൻ നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ നൽകുന്നതിന് എത്ര ലക്ഷം രൂപയാണ് ഓരോ മാസവും സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

**മെഡിസെപ്പ് പദ്ധതിയിൽ ആശുപത്രികളുടെ എണ്ണം കൂട്ടാൻ നടപടി**

5871 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്ക് ക്യാഷ് ലെസ് ചികിത്സാ സൗകര്യം ലഭ്യമാണെന്ന് അറിയിക്കുമോ;

(ബി) ഇതിൽ തുടക്കത്തിൽ മെഡിസെപ്പ് പദ്ധതിയിൽ ഉണ്ടായിരുന്ന ഏതെല്ലാം ആശുപത്രികൾ ഇപ്പോൾ പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്ന് പിന്മാറിയ ആശുപത്രികളെ വീണ്ടും ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാമോ;

(ഡി) മെഡിസെപ്പ് പ്രീമിയം തുക ജീവനക്കാരിൽ നിന്നും കൃത്യമായി ഈടാക്കി അടച്ചിട്ടും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ എണ്ണം കുറയുന്നത് വീഴ്ചയായി കണക്കാക്കുന്നുണ്ടോ?

## വിവിധ സംഘടനകൾക്ക് നൽകിയ ഗ്രാന്റ്

5872 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാമനപുരം മണ്ഡലത്തിൽ വിവിധ സംഘടനകൾക്ക് ഗ്രാന്റ് ഇനത്തിൽ നൽകിയ തുകയും നൽകിയ സംഘടനയുടെ പേരും ഏത് വകുപ്പ് മുഖേനയാണ് പ്രസ്തുത ഗ്രാന്റ് നൽകിയതെന്ന വിവരവും ലഭ്യമാക്കാമോ?

## സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനീകരണം

5873 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനീകരണത്തിനും ഏകീകൃത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ രൂപീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ;

(ബി) ഇടപാടുകൾ പൂർണ്ണമായും ഉന്നത നിലവാരത്തിലുള്ള സൈബർ സുരക്ഷാ സംവിധാനത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതിനായി നവീന വിവര സാങ്കേതിക വിദ്യയിലുണ്ടായ വളർച്ചയെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ട്രഷറി സംവിധാനത്തെ മാറ്റത്തിനനുസരിച്ച് പരിവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാന വിഹിതം

5874 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി

5875 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വായ്പാപരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ;

(ബി) വായ്പാ പരിധി വർദ്ധിപ്പിച്ച് നൽകാത്ത പക്ഷം സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## സാമൂഹ്യക്ഷേമ പെൻഷൻ

5876 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പെൻഷൻ തുക നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ തുക അർഹരായവരിൽ എത്തിക്കുന്നതിന് ധനവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി വിധവകൾക്കുള്ള പെൻഷൻ തുക നൽകേണ്ടവരുടെ എണ്ണം സംസ്ഥാന തലത്തിൽ എത്രയെന്ന് ജില്ല തിരിച്ച് വിശദ വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിധവകൾക്കുള്ള പെൻഷൻ തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സർക്കാരിന്റെ ചെലവ് ചുരുക്കൽ നിർദേശങ്ങൾ

5877 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ എന്തെല്ലാമെന്ന് വിശദമാക്കാമോ; ആയതുപ്രകാരം ഈ സാമ്പത്തിക വർഷം എത്ര തുക ചെലവ് ചുരുക്കവാൻ സാധിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ചെലവ് ചുരുക്കൽ പ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) ചെലവ് ചുരുക്കൽ നിർദേശം വന്നതിനുശേഷം മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരിൽ ആർക്കെല്ലാം വിദേശയാത്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## ഐ.ജി.എസ്.ടി. വളർച്ച

5878 **ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഐ.ജി.എസ്.ടി. വളർച്ച ഏഴ് ശതമാനം മാത്രമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>ഇ-വേ ബിൽ</u>

5879 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പിലാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ഹെലികോപ്ടർ വാടക സംബന്ധിച്ച്</u>

5880 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് ഉൾപ്പെടെ സഞ്ചരിക്കുന്നതിന് 2016 മുതൽ നാളിതു വരെ ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്ത വകയിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

5881 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ എതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ആയുർവേദ ചികിത്സ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മെഡിസെപ്പിൽ ആയുർവേദ ചികിത്സ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

## <u>എ.എൻ.പി.ആർ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെകഗ്നിഷൻ) ക്യാമറ സംവിധാനം</u>

5882 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന സംസ്ഥാനാന്തര ചരക്ക് നീക്ക കേന്ദ്രങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെകഗ്നിഷൻ (എ.എൻ.പി.ആർ.) ക്യാമറ സംവിധാനം ഉപയോഗിച്ച് ചരക്ക്

വാഹനങ്ങളുടെ നമ്പർ പ്ലേറ്റുമായി ബന്ധിപ്പിച്ച ഇ-വേ ബിൽ ഡേറ്റ വിശകലനം ചെയ്ത് സർക്കാരിന് വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ പ്രസ്തുത സംവിധാനം സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനകരമാണ്; കൂടുതൽ പുതിയ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ ?

## <u>ധനകാര്യ വകുപ്പിൽ പരിഗണനയിലുള്ള മലപ്പുറം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ</u>

5883 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിൽ പ്രത്യേക അനുമതിക്കായി എത്ര പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും ഓരോന്നിന്റെയും നിലവിലുള്ള പുരോഗതിയും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രത്യേക അനുമതി നൽകാതെ ഫയൽ കാലതാമസം വരുത്തുന്നത് ഏതു ഓഫീസിലാണെന്ന് വ്യക്തമാക്കാമോ; 2019-20 സാമ്പത്തിക വർഷം 75 ലക്ഷം രൂപ ഫണ്ട് അനുവദിച്ച ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്ക് ഇപ്പോഴും അനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്നതിന്റെ വിശദാംശം നൽകുമോ;

(സി) ആവശ്യമില്ലാത്ത റിമാർക്സുകൾ രേഖപ്പെടുത്തി ഫയലിൽ കാലതാമസം വരുത്തുന്നതിനു പകരം ഇനിയും രേഖകൾ ആവശ്യമെങ്കിൽ നേരിട്ട് ആവശ്യപ്പെട്ട് എത്രയും വേഗം എല്ലാ പ്രവൃത്തികൾക്കും പ്രത്യേക അനുമതി നൽകുമോ; എങ്കിൽ പ്രത്യേക അനുമതി എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

## <u>സംസ്ഥാനത്തിന്റെ കടമെടുപ്പ്</u>

5884 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുകയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾ മുൻനിർത്തിയാണ് കടപ്പത്രം പുറപ്പെടുവിച്ചിരുന്നത്; കടപ്പത്രത്തിലൂടെ സമാഹരിച്ച തുക അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയുണ്ടായോ; വിശദമാക്കുമോ;

(സി) മറ്റെന്തെല്ലാം നിലയിൽ എത്ര തുക 2024-25 കാലഘട്ടത്തിൽ കടം എടുത്തിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര തുക വീതം എന്ന് വിശദമാക്കാമോ?

## <u>കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പ്</u>

5885 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഫണ്ട് ആവശ്യപ്പെട്ട് കിഫ്ബിയിലേക്ക് അയച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

5886 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) വർഷങ്ങൾ പിന്നിട്ടിട്ടും ആരംഭിക്കുവാൻ സാധിക്കാത്ത കൊടകര-വെള്ളിക്കുളങ്ങര റോഡ് നവീകരണം, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ് നവീകരണം, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് നവീകരണം, നിർദ്ദിഷ്ട മലയോര ഹൈവേയുടെ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ ഉൾപ്പെടെ അനുവദിച്ച് അവ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക

5887 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി പരസ്യത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, മറ്റിതര പ്രചാരണ സംവിധാനങ്ങൾ എന്നിങ്ങനെ വിവിധ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് പ്രത്യേകമായി വിവരം നൽകാമോ?

## വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

5888 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ധനകാര്യ അംഗീകാരം ലഭ്യമാകാത്തതോ ഇതുവരെ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

## പ്രവാസി ചിട്ടി

5889 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പ്രവാസി നിക്ഷേപം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.എഫ്.ഇ. വഴി ആരംഭിക്കുമെന്ന് തീരുമാനിച്ചിരുന്ന പ്രവാസിചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര പേർ വരിക്കാരായി ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ കെ.എസ്.എഫ്.ഇ. നടത്തി വരുന്ന മറ്റ് ചിട്ടികളിൽ ഏകദേശം എത്ര പ്രവാസികൾ വരിക്കാരായി നിലവിലുണ്ട്; ചിട്ടിതുക സ്ഥിരം നിക്ഷേപമായി നിക്ഷേപിച്ച പ്രവാസികളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

## തൃശ്ശൂർ - കുറ്റിപ്പുറം പാത നിർമ്മാണം

5890 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ - കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിലവിൽ അതീവ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

5891 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

5892 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കടം എടുക്കുന്നതിൽ കേന്ദ്ര സർക്കാർ കൊണ്ടു വന്ന നിയന്ത്രണങ്ങൾ കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ തുടർന്നു വരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

5893 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര തുകയുടെ പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി

5894 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും കിഫ്ബി ധനാനുമതി നൽകിയത് എന്നാണെന്നും വ്യക്തമാക്കുമോ; ഭരണാനുമതിയുടെയും ധനാനുമതിയുടെയും ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ തീയതി വ്യക്തമാക്കുമോ; പൂർത്തീകരണ തീയതി നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ നീട്ടി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പൂർത്തീകരണ തീയതി നീട്ടി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ; മേൽപ്പാല നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## കിഫ്ബി മുഖേന നിർമ്മാണം പൂർത്തിയാക്കിയ സ്കൂളുകൾ

5895 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കിഫ്ബി നടപ്പിലാക്കിയ വരുമാനദായക പദ്ധതികൾ

5896 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കിയ വരുമാനദായകമായ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയിലും നാളിതുവരെ ലഭിച്ച വരുമാനം ഇനം തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾക്കായി എടുത്ത വിവിധ വായ്പകളുടെ തിരിച്ചടവ് പദ്ധതികളിൽ നിന്ന് ലഭിച്ച വരുമാനം കൊണ്ട് പൂർണ്ണമായും അടയ്ക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വായ്പാതിരിച്ചടവിന്റെയും വരുമാനത്തിന്റെയും വ്യത്യാസം എത്രയെന്ന് അറിയിക്കുമോ;

(ബി) കിഫ്ബിയുടെ ആസ്തിയുടെ ഗ്രാഫ് ബാധ്യതയുടെ ഗ്രാഫിനേക്കാൾ ഉയർന്നാണോ നിൽക്കുന്നത്; ഇല്ലെങ്കിൽ വ്യത്യാസമെത്രയാണ്; നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആന്വിറ്റി സർക്കാർ കൃത്യമായി കിഫ്ബിക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>മസാല ബോണ്ട് തുക</u>

5897 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ട് തുക തിരിച്ചടച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് അക്കൗണ്ടിലേക്കാണ് പ്രസ്തുത തുക നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച ലെഡ്ജർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ഉണ്ണിക്കുളം ജി.യു.പി.സ്കൂളിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ</u>

5898 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണിക്കുളം ജി.യു.പി.സ്കൂളിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച പ്രവൃത്തികളിൽ ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ണിക്കുളം ജി.യു.പി.സ്കൂളിന്റെ ഇലക്ട്രിക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ?

## <u>തൃശ്ശൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ</u>

5899 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇവയ്ക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്നും പ്രവൃത്തി തിരിച്ച് മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) കിഫ്ബിയിൽ തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസൽ നിലവിലുണ്ടെന്ന വിവരം നിയോജക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കിഫ്ബി പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിനായി ചെലവഴിച്ച തുക

5900 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി പദ്ധതി മുഖേന പട്ടികജാതി വിഭാഗത്തിനായി ചെലവഴിച്ച തുക എത്രയെന്ന വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കിഫ്ബി പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം

5901 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും കിഫ്ബി മുഖേന പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര തുക ചെലവഴിച്ചു എന്ന വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## കിഫ്ബി കരാറുകാർക്ക് നൽകാനുള്ള തുക

5902 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയ്ക്ക് വേണ്ടി നിർമ്മാണ പ്രവൃത്തികൾ നടത്തിയ കരാറുകാർക്ക് നൽകാനുള്ള തുക അനുവദിച്ച് നൽകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്നും കുടിശ്ശിക തുക തീർത്തുനൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## മങ്കടയിലെ ആസ്തി വികസന, പ്രത്യേക വികസന പദ്ധതികളിലെ ടെൻഡർ സേവിങ്സ്

5903 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലും പ്രത്യേക വികസന നിധിയിലും ടെൻഡർ സേവിങ്സ് ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിന് ശേഷം ലഭ്യമായ തുക വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡ പ്രകാരം ലഭ്യമായ തുകയിൽ വിനിയോഗിക്കാൻ കഴിയുന്ന തുകയും പദ്ധതികളുടെ എണ്ണവും ലഭ്യമാക്കുമോ?

## ഭരണാനുമതി നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കാൻ നടപടി

5904 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭിക്കുന്നതിനും നിലവിൽ ഏതൊക്കെ

സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് കാലാവധി നീട്ടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ ടെൻഡർ സേവിംഗ്സ്

5905 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

5906 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കരാറുകാർ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിലവിൽ നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് വാഹനം അനുവദിക്കാൻ നടപടി

5907 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങാൻ പ്രൊപ്പോസലുകൾ നൽകിയതെന്നും അതിൽ ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ വിവരം വർഷം, തുക എന്നിവ തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും വാഹനങ്ങൾ ലഭിക്കാത്ത വിദ്യാലയങ്ങളുണ്ടോ; എങ്കിൽ വിദ്യാലയം തിരിച്ച് കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വാഹനങ്ങൾക്ക് പണം നൽകുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എപ്പോൾ കുടിശ്ശിക തീർക്കാൻ കഴിയും എന്ന് അറിയിക്കാമോ?

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്ത കരാറുകാരുടെ തുക

5908 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിൽ കുടിശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മൂലം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിസമ്മതിക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ

5909 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയിൽ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും ഭരണാനുമതി നൽകിയ തുകയും ടെൻഡർ ചെയ്ത തുകയും എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2017-18 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ; പ്രസ്തുത സേവിംഗ്സ് തുകകൾ ഉപയോഗിച്ച് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിംഗ്സ്

5910 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## ആസ്തി വികസന നിധിയിലെ ടെണ്ടർ സേവിംഗ്സ്

5911 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന നിധി ആരംഭിച്ചതു മുതൽ ഇതുവരെ കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്ക് വിനിയോഗിച്ചുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്

5912 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സിൽ എത്ര തുക നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

5913 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ലുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ മതിയായ ഫണ്ട് ഇല്ലാത്തതുകാരണം തടഞ്ഞുവച്ചിട്ടുണ്ടോ; പ്രസ്തുത ഓഫീസിൽ ബില്ല് പരിശോധിക്കാൻ അനാവശ്യ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2021-22, 2022-23 , 2023-24 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പ് ആസ്തി വികസന ഫണ്ടിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; അതിൽ ചെലവഴിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഫണ്ടില്ലെന്ന കാരണത്താൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കരാറുകാരുടെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്നതു മൂലം ആസ്തി വികസന പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ വിമുഖത കാണിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കൃത്യസമയത്ത് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മറ്റ് പദ്ധതികളിൽ അനുവദിക്കുന്നതു പോലെ ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ എക്സസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; ടെണ്ടർ എബൗ അനുവദിക്കാത്തതുകാരണം കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാട്ടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കടുത്തുരുത്തി മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട മുളക്കുളം പഞ്ചായത്തിലെ അവർമ്മ എൽ.പി. സ്കൂൾ, സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ എന്നിവയുടെ ബില്ലുകൾ കഴിഞ്ഞ 10 മാസമായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തടഞ്ഞുവച്ചിരിക്കുന്നത് റിലീസ് ചെയ്ത് കരാറുകാരന് ബിൽ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആസ്തി വികസന ഫണ്ടിലുൾപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി .

5914 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നേടുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി എന്നാണെന്ന് അറിയിക്കുമോ;

(ബി) 2024 ലെ ലോക് സഭാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പ്രസ്തുത തീയതിയ്ക്ക് മുമ്പായി ഭരണാനുമതി പുറപ്പെടുക്കുന്നതിന് കഴിഞ്ഞിരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ 2022-23 ലെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് ഭരണാനുമതി നേടുന്നതിനായി സമയം നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്കൂൾ ബസ്സുകൾക്ക് തുക അനുവദിക്കുന്നതിന് നടപടി

5915 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് പ്രകാരം അനുവദിച്ച് നൽകുന്ന സ്കൂൾ ബസ്സുകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അലോട്ട് ചെയ്തു ലഭിക്കാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഫണ്ട് അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## കേന്ദ്ര ബജറ്റിനു മുന്നോടിയായി സംസ്ഥാനം ഉന്നയിച്ച വിഷയങ്ങൾ

5916 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി വിളിച്ച യോഗത്തിൽ സംസ്ഥാന സർക്കാർ മുഖ്യമായും ആവശ്യപ്പെട്ട വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ധനകാര്യ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

5917 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച രീതി

ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## ഓണറേറിയം കുടിശിക

5918 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവന്നൂർ യു.പി.സ്കൂളിൽ അധ്യാപികയായി നിയമിക്കപ്പെട്ട ശ്രീമതി സിൽജ സി.കെ.-യുടെ നിയമനം കോലഞ്ചേരി എ.ഇ.ഒ. അംഗീകരിച്ചിട്ടുള്ളതും പ്രസ്തുത വ്യക്തിയ്ക്ക് ഓണറേറിയം കുടിശ്ശിക കിട്ടുന്നതിനുള്ള അപേക്ഷ എ.ഇ.ഒ. വഴി ഡി.ജി.ഇ.-ൽ സമർപ്പിക്കുകയും ഡി.ജി.ഇ.-ൽ നിന്നും സമാന കേസുകൾ പരിഗണിച്ചുകൊണ്ട് ധനകാര്യ വകുപ്പിലേയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനായി നൽകിയിട്ടുമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓണറേറിയം കുടിശിക അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

5919 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018- 19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ലഭ്യമായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിലവിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് മുഖേന വിവിധ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ജീവനക്കാർക്ക് നൽകിയിട്ടുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് സർക്കാർ നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന പലിശയിളവ് എത്രയാണെന്ന വിവരം അറിയിക്കാമോ;

(ഇ) ഇപ്രകാരം സർക്കാർ ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് പ്രസ്തുത കാലയളവിൽ പലിശയിളവ് ഇനത്തിൽ സർക്കാർ നൽകിയ ആകെ തുക എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

5920 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിലെ പ്രകടന പത്രികയിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കുമെന്ന് നൽകിയ വാഗ്ദാനം പാലിക്കപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**പങ്കാളിത്ത പെൻഷൻകാർക്കുള്ള ആശ്വാസധനം**

5921 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ജീവനക്കാരൻ സർവീസിലിരുന്ന് മരണപ്പെട്ടാൽ കുടുംബത്തിന് ജീവനക്കാരന്റെ അവസാന ശമ്പളം ആശ്വാസധനമായി അനുവദിക്കാൻ 2012-ൽ മന്ത്രിസഭ തീരുമാനം എടുത്തിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 2012-ലെ മന്ത്രിസഭാ തീരുമാനം തിരുത്തിക്കൊണ്ട് 2016-ൽ തീരുമാനം എടുത്തിരുന്നോ; എങ്കിൽ അതിന്റെ കാരണം എന്താണ്; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 2012-ൽ മന്ത്രിസഭാ തീരുമാനം കൈക്കൊണ്ട ഫയലിൽ തന്നെയാണോ 2016-ലും തീരുമാനമെടുത്തതെന്ന് അറിയിക്കാമോ?

**പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശിക**

5922 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിൽ ഇരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശിക അവരുടെ ആശ്രിതർക്ക് ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 31.5.2021ന് ശേഷം മരണമടഞ്ഞ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അവരുടെ ആശ്രിതർക്ക് അനുവദിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ലീവ് സറണ്ടർ ബിൽ മാറി നൽകാൻ നടപടി**

5923 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം എൽ.എ. റെയിൽവേ ഓഫീസിലെ ജീവനക്കാരായ ശ്രീ.ജോബിൻസൺ, ശ്രീ.സജിമോൻ എന്നിവരുടെ 2022-2023 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ ചെയ്ത് പി.എഫ്.ൽ ലയിപ്പിക്കുന്നതിന് ക്രെഡിറ്റിൽ നിന്ന് ലീവുകൾ കുറച്ച്

നടപടിക്രമം തയ്യാറാക്കി ഓൺലൈൻ ആയി ബിൽ കോട്ടയം ജില്ലാട്രഷറിയിൽ സമർപ്പിച്ചെങ്കിലും നാളിതുവരെ മാറി നൽകാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) 08/06/2023-ലെ ജി.ഒ.(ആർ.റ്റി.) നം. 2172/2023/ആർ.ടി. ഉത്തരവുപ്രകാരം എൽ.എ. ഓഫീസിന് തുടർച്ചാനുമതി ഉള്ളതിനാൽ ലീവ് സറണ്ടർ ബിൽ അടിയന്തരമായി മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലീവ് സറണ്ടർ ബിൽ മാറി നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

5924 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഏതൊക്കെ ചികിത്സയാണ് ഉള്ളതെന്നും വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടാത്ത ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് മെഡിസെപ്പ് ആനുകൂല്യം ലഭിക്കാതിരിക്കുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മെഡിസെപ്പ് പ്രാബല്യ തീയതിക്ക് മുൻപ് ചികിത്സ നടത്തുകയും അവയവ മാറ്റ ശസ്ത്രക്രിയ അതേ ആശുപത്രിയിൽ പ്രാബല്യ തീയതിക്ക് ശേഷം നടത്തുകയും ചെയ്ത ആളുകൾക്ക് മെഡിസെപ്പ് ആനുകൂല്യം നിഷേധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>എസ്.എൽ.ഐ., ജി.ഐ.എസ്. ക്രെഡിറ്റ് കാർഡ് ലഭിക്കാൻ സംവിധാനം</u>

5925 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ ഇൻഷുറൻസ് സ്കീമുകളിൽ ജീവനക്കാർ അടയ്ക്കുന്ന മാസവിഹിതം സംബന്ധിച്ച ക്രെഡിറ്റ് കാർഡ് ജി.പി.എഫ്.ന് സമാനമായി ജീവനക്കാർക്ക് കാണുവാൻ കഴിയുന്ന വിധത്തിൽ ഒരു സംവിധാനം ഒരുക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഇൻഷുറൻസ് സ്കീമുകളുടെ പോളിസി നമ്പർ, ജീവനക്കാരുടെ പെൻ നമ്പർ തുടങ്ങിയവ ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഓൺലൈൻ സംവിധാനം എൻ.ഐ.സി.യുടെ സഹായത്തോടുകൂടി വികസിപ്പിക്കാമോ; വ്യക്തമാക്കാമോ?

## <u>അഞ്ച് താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി</u>

5926 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഞ്ച് താലൂക്ക് ആശുപത്രികളിൽ ദന്തൽ വിഭാഗം തുടങ്ങുന്നതിന് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് തസ്തിക സൃഷ്ടിക്കുന്നതിന് അനുവദിക്കാത്തതിനാൽ പ്രസ്തുത ആശുപത്രികളിൽ ദന്തൽ വിഭാഗം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം എപ്പോൾ ലഭ്യമാകുമെന്ന് വിശദമാക്കുമോ?

## ഇടുക്കി പാക്കേജ് പ്രകാരമുള്ള പ്രവൃത്തികൾ

5927 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് 75 കോടി രൂപ വീതം വകയിരുത്തിയിരുന്നത് പ്രകാരം ഇതുവരെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരങ്ങളും പ്രവൃത്തികൾക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് പീരുമേട് മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അതത് സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

5928 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ബഡ്ജറ്റുകളിൽ 20% തുക വകയിരുത്തിയിരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും അതിനുള്ള കാരണവും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ

5929 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള സംസ്ഥാന ബജറ്റുകളിൽ 20% തുക വകയിരുത്തിയിട്ടുള്ള കൊണ്ടോട്ടി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ ഏതെല്ലാമാണെന്ന്

വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ</u>**

5930 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് സംസ്ഥാന ബജറ്റുകളിൽ 20% തുക അനുവദിച്ചതെന്നും അവ ഏതൊക്കെ വകുപ്പുകൾക്ക് കീഴിലാണെന്നും വിശദമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകാൻ ബാക്കിയുള്ളതെന്നും ആയതിന്റെ കാലതാമസത്തിനുള്ള കാരണം എന്തൊക്കെയാണെന്നും വിശദമാക്കാമോ?

**<u>ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ</u>**

5931 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ ഈ സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാന ബജറ്റുകളിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പുനലൂർ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്തവ ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>ക്ഷേമ പെൻഷനുകൾ</u>**

5932 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ ഏകീകരിച്ച് സർക്കാർ ഉത്തരവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ക്ഷേമ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനം എടുക്കുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ ?

**<u>ജി.എസ്.ടി. നികുതി വരുമാനം</u>**

5933 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ അനുശാസിക്കും പ്രകാരം പതിനാല് ശതമാനം വാർഷിക വർദ്ധനവ് അടിസ്ഥാനമാക്കിയുള്ള നികുതി വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നേട്ടം കൈവരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി നികുതി പിരിവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ</u>**

5934 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നികുതി അടയ്ക്കാത്ത കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് എതിരെ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റ് നികുതി ചുമത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സൊസൈറ്റികളാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. ഏതെല്ലാം കാര്യങ്ങൾക്കാണ് ബാധകമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങിയ സഹകരണ സ്ഥാപനങ്ങൾ നൂറ് ശതമാനവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവയാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ; എങ്കിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ജി.എസ്.ടി. സംബന്ധമായ പ്രശ്നങ്ങൾ വരുമ്പോൾ സർക്കാരിന് ഒരു തീരുമാനമെടുക്കാൻ കഴിയുമോ;

(ഇ) ജി.എസ്.ടി. രജിസ്ട്രേഷൻ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ടതായ ബാദ്ധ്യതകൾ</u>**

5935 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ട നിലവിലുള്ള ബാദ്ധ്യതകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കരാറുകാർക്കും കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കും നൽകാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും, കൺസ്യൂമർ ഫെഡിനും നിലവിൽ നൽകുവാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഓരോ ക്ഷേമ പദ്ധതികൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കർഷകർക്കും, സഹകരണ സംഘത്തിൽ നിന്ന് വായ്പ എടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക എത്രയാണ്;

ലാന്റ് അക്വസിഷൻ നടത്തിയ ഇനത്തിലുള്ള ബാധ്യത എത്രയാണ്; വ്യക്തമാക്കാമോ;

(എഫ്) എം.എൽ.എ.മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നിലവിൽ കൊടുത്തു തീർക്കാനുള്ള തുക എത്രയാണ്;

(ജി) സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

**പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യവകുപ്പിലേക്ക് നൽകിയ ഫയൽ**

5936 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ വിവിധ പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം എഗ്രീഡ് നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകിയതുമൂലം പ്രവൃത്തികൾക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകാനാവാത്ത സ്ഥിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും ധനകാര്യവകുപ്പിലേക്ക് നൽകിയ ഫയലിൽ നാളിതുവരെ ഒരു തീർപ്പ് കൽപ്പിച്ച് നൽകിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) എങ്കിൽ ഇത് അടിയന്തരമായി പരിഹരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

**വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ**

5937 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ലോണുകൾ നൽകുന്നതിലും വിവിധ കാരണങ്ങളാൽ കുടിശ്ശികയായവരുടെ സെറ്റിൽമെന്റ് നടത്തുന്നതിലും കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ അടിയന്തരമായി തീർപ്പു കൽപ്പിക്കണമെന്ന നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി**

5938 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിനെ ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള

നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ പരിശോധന വിഭാഗം മലപ്പുറം ജില്ലയിലെ വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ (ആർ.ഡി.ഡി./ ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ.) നടത്തിയ പരിശോധനകളും കണ്ടെത്തിയ ക്രമക്കേടുകളും എന്തൊക്കെയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്രമക്കേടുകളിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) ജില്ലാ ധനകാര്യ പരിശോധനാ വിഭാഗങ്ങൾ എല്ലാ മാസവും വിവിധ ഓഫീസുകളിൽ പരിശോധന നടത്തി പ്രതിമാസ റിപ്പോർട്ട് ധനകാര്യ വകുപ്പിൽ സമർപ്പിക്കണമെന്ന നിർദേശം കൃത്യമായി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി കർശന നിർദേശം നൽകുമോ?

## <u>ജപ്തി നടപടികളിലെ ഇളവുകൾ</u>

5939 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ, വിവിധ സർക്കാർ-അർദ്ധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്ത വായ്പകൾ സാമ്പത്തിക പ്രയാസം മൂലം തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി ഇളവുകളോ ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>നിർമ്മാണ മേഖലയിലെ വസ്തുക്കളുടെ വിലക്കയറ്റം</u>

5940 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് കാരണം പാവപ്പെട്ടവരുടെ ഭവന നിർമ്മാണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിർമ്മാണ മേഖലയിലെ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## <u>പഞ്ചായത്തുപടി - നായ്ക്കാൻ കോളനി റോഡ് - ഇടനാട് വികാസ് കോളനി റോഡ് നിർമ്മാണം</u>

5941 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ പഞ്ചായത്തുപടി - നായ്ക്കാൻ കോളനി റോഡ് - ഇടനാട് വികാസ് കോളനി റോഡ് (അൽ അമൻ റോഡ്) നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും പ്രത്യേക അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത പ്രവൃത്തിയ്ക്ക് പ്രത്യേക അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>റോഡ് പ്രവൃത്തികളുടെ ചെയിനേജിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് ഭരണാനുമതി</u>**

5942 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയിൽ നോമൻ ക്ലേച്ചർ ചെയിഞ്ചിന്റെ ഭാഗമായി എത്ര പദ്ധതികൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽ പെന്റിംഗ് ഉണ്ട് എന്ന് വിശദമാക്കാമോ;

(ബി) റോഡ് പ്രവൃത്തികളുടെ ചെയിനേജിൽ ഉണ്ടാകുന്ന ചെറിയ മാറ്റങ്ങൾക്ക് ഭരണാനുമതി തുകയിൽ അധികരിക്കാത്തപക്ഷം കാലതാമസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ അതാത് വകുപ്പുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കിഫ്ബി മസാല ബോണ്ട്</u>**

5943 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ട് ഇഷ്യൂ ചെയ്യുന്നതിനായി ഇറക്കിയ ഓഫറിങ് സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>സംസ്ഥാനത്തെ ഡേറ്റ ശേഖരണത്തിനായി പ്രത്യേക സംവിധാനം</u>**

5944 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡേറ്റ ശേഖരണം, നയരൂപീകരണം, സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആഭ്യന്തര ഉല്പന്നത്തിന്റെ സമാഹാരം പരിശോധിക്കുന്നതിനും ഡേറ്റയിലും രീതിശാസ്ത്രത്തിലും ശിപാർശകൾ നൽകുന്നതിനും പ്രസ്തുത സംവിധാനം

പ്രയോജനപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് കെട്ടിടം**

5945 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് മണ്ഡലം ആസ്തിവികസന പദ്ധതി ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള അനുമതി ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങൾ എന്ന പരിഗണനയിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ ആസ്തിവികസന പദ്ധതി ഉപയോഗപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

5946 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ഗവണ്മെന്റ് ഹൈസ്കൂൾ, എളകുന്നപ്പുഴ, ഗവണ്മെന്റ് എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്., കടമക്കുടി എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

5947 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണെന്നും ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും ആയതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

**പുതുപ്പള്ളി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

5948 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്നതിന് നാളിതുവരെ അംഗീകാരം നൽകിയിട്ടുള്ള എത്ര പദ്ധതികളുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്നതിനായി നിശ്ചയിച്ച് നൽകിയ തീയതി ഏതൊക്കെയാണെന്ന് അറിയിക്കുമോ?

## നികുതി സമാഹരണ പ്രവർത്തനങ്ങൾ

5949 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

## ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ

5950 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിലിന്റെ രൂപീകരണത്തിന് ശേഷം സംസ്ഥാനവുമായി ബന്ധപ്പെട്ടതോ പൊതുവായതോ ആയ ഏതൊക്കെ പ്രശ്നങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിലിന്റെ അനുകൂല തീരുമാനമുണ്ടായവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) നികുതി വരുമാന നഷ്ടപരിഹാര സെസ്സ് ഇനത്തിൽ കേന്ദ്രം നിലവിലും നികുതി പിരിക്കുന്ന സാഹചര്യത്തിൽ അത് സംസ്ഥാനങ്ങൾക്കുകൂടി അനുവദിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അവസാനമായി ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനത്തിന് ഗുണകരമായ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

## വിദ്യാർത്ഥികളിലെ സമ്പാദ്യ ശീലം വളർത്താൻ നടപടി

5951 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിംഗ്സ് പദ്ധതി ഈ അധ്യയന വർഷം മുതൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾ</u>

5952 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകളുടെ എണ്ണം എത്ര; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; സംസ്ഥാനത്ത് നികുതി റിട്ടേണുകൾ സമയബന്ധിതമായി ഫയൽ ചെയ്യാത്ത എത്ര ബാർ ഹോട്ടലുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇത്തരത്തിൽ കുടിശികയുള്ള ബാർ ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) നികുതി വകുപ്പ് സ്വീകരിച്ച നടപടികളിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് എക്സൈസ് കമ്മീഷണറും കെ.എസ്.ബി.സി. എം.ഡി.യും സർക്കാരിലേക്ക് കത്ത് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നികുതി കുടിശികക്കാരെ സഹായിക്കുവാൻ വേണ്ടിയാണോ സർക്കാർ നയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥർ കത്ത് നൽകിയത്; വ്യക്തമാക്കുമോ?

## <u>നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

5953 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ നടക്കുന്ന ജി.എസ്.ടി. വെട്ടിപ്പ് കണ്ടെത്തി തടയുന്നതിനും സംസ്ഥാനത്തിന്റെ വരുമാന ചോർച്ചയ്ക്ക് കാരണമായ ഗുരുതര കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, ഇത്തരത്തിൽ ജി.എസ്.ടി. വെട്ടിപ്പ് നടത്തിയത് മൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?

## <u>നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത</u>

5954 **ശ്രീ വി ശശി**

**ശ്രീ. പി. ബാലചന്ദ്രൻ**

**ശ്രീ. വാഴൂർ സോമൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംവിധാനത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് സംഭവിക്കുന്ന കാലതാമസത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നികുതി ചോർച്ച കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി ചോർച്ച പരമാവധി കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സമൂലമായി പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി ഉന്നത തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ബിസിനസ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ്, അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിവിധ തരത്തിലുള്ള നികുതി വെട്ടിപ്പുകൾ എത്രയും വേഗം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക

5955 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുകയിൽ കുടിശികയുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനത്തിൽ 2022-23 വർഷത്തേക്കാൾ എത്ര ശതമാനം തുക 2023-24-ൽ വർദ്ധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ?

## വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി നിരക്ക്

5956 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്നതുമായി ബന്ധപ്പെട്ട് ബക്കാഡിയ കമ്പനി, നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ചോ അല്ലാതെയോ നികുതി വകുപ്പിൽ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ നികുതി വകുപ്പ് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നികുതി വകുപ്പ് കമ്മീഷണർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

## സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ ലഭിച്ച തുക

5957 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 500 രൂപ മുതൽ 999 വരെയുള്ള ബോട്ടിലുകളിന്മേൽ 20 രൂപ നിരക്കിലും 1000 രൂപയ്ക്ക് മുകളിലുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 40 രൂപ നിരക്കിലും ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ് വഴി 2024 മെയ് 31 വരെ എത്ര രൂപ

പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ; മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 2023 ഏപ്രിൽ 1 മുതൽ 2024 മെയ് 31 വരെ പെട്രോളിനും ഡീസലിനും പ്രതി ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയാണെന്ന് ഇനം, മാസം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മുതൽ കൂട്ടുകയാണോ ചെയ്യുന്നത്; പ്രഖ്യാപിതവും പ്രത്യേക ലക്ഷ്യത്തോടുകൂടിയും പിരിച്ച തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ മുതൽ കൂട്ടുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ നടപടി

5958 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം ഓൺലൈൻ നികുതി വെട്ടിപ്പുകൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വെട്ടിപ്പുകൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിൽക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും ജി.എസ്.ടി. ബിൽ നൽകുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള ഇടപാടുകളിൽ നിന്നുള്ള ജി.എസ്.ടി.

5959 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയത് മുതൽ നാളിതുവരെ, ഇ-കോമേഴ്സ് പോർട്ടലുകൾ വഴിയുള്ള ഇടപാടുകളിൽ നിന്ന് സംസ്ഥാനത്തിന് എത്ര തുക ജി.എസ്.ടി. ഇനത്തിൽ ലഭിച്ചുവെന്ന കണക്ക് വർഷാടിസ്ഥാനത്തിൽ നൽകാമോ?

## ജി.എസ്.ടി. പിരിച്ചെടുത്തതിന്റെ വിശദാംശം

5960 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ആകെ എത്ര നികുതി പിരിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ലഭിച്ച ഐ.ജി.എസ്.ടി. വിഹിതം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈ ഇനത്തിൽ എത്ര തുക സംസ്ഥാനത്തിന് ലഭിക്കാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ദേവികുളം താലൂക്കിലെ ജി.എസ്.ടി ഓഫീസുകൾ

5961 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ജി.എസ്.ടി. വകുപ്പിന്റെ ഏതെല്ലാം യൂണിറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ ദേവികുളം താലൂക്കിൽ തന്നെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയിൽ ഏതെങ്കിലും യൂണിറ്റ് ഓഫീസ് മറ്റൊരു താലൂക്കിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## <u>വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണത്തിന്മേലുള്ള അന്വേഷണം</u>

5962 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്ഥാനക്കയറ്റം നേടിയെന്ന ആരോപണം നേരിടുന്ന എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ട്; ഇവർക്കെതിരെ പരാതി വന്ന തീയതി എന്നാണെന്ന് വ്യക്തമാക്കുമോ; ഇവർ ഹാജരാക്കിയ ബിരുദ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് എം.ജി. യൂണിവേഴ്സിറ്റി നികുതി വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന നികുതി കമ്മീഷണർ 21.06.2024-ൽ നികുതി വകുപ്പിൽ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി കേസുമായി ബന്ധപ്പെട്ട് സംസ്ഥാന വിജിലൻസ് സെൻട്രൽ സോണിൽ വി.ഇ.03/2024/സി.ആർ.ഇ. വി.എ.സി.ബി. ആയി ജി.എസ്.ടി. വകുപ്പിലെ നിലവിലുള്ളതും വിരമിച്ചതുമായ മൂന്ന് പേർക്കെതിരെ അന്വേഷണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിൽ വിജിലൻസ് വകുപ്പിന് പരിമിതിയുള്ളതിനാൽ എം.ജി. യൂണിവേഴ്സിറ്റിയുടെ പേരിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് തയ്യാറാക്കി അനധികൃത സ്ഥാനക്കയറ്റം നേടിയ കേസിന്റെ ക്രിമിനൽ സ്വഭാവം പരിഗണിച്ച് ആരോപണ വിധേയരെ സർവ്വീസിൽ നിന്നും നീക്കി പോലീസ്/ക്രൈംബ്രാഞ്ച് അന്വേഷണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വ്യാപാരി ക്ഷേമ പെൻഷൻ കുടിശ്ശിക</u>

5963 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരി ക്ഷേമനിധി വഴി പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നൽകുന്നതെന്നും ഇത് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷൻ, മരണാനന്തര ആനുകൂല്യം എന്നിവയിൽ എത്ര കോടി രൂപയുടെ കുടിശ്ശിക നിലവിലുണ്ടെന്നും ഇവ എപ്പോൾ കൊടുത്ത് തീർക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി

5964 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ഫണ്ടിന്റെ മൂന്നാം ഗഡു 23.03.24ന് സർക്കാർ അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ 24.03.2024-ന് ട്രഷറികളിൽ സമർപ്പിച്ചിരുന്ന ബില്ലുകൾ പൂർണമായും മാറി നൽകുകയുണ്ടായോ എന്നറിയിക്കാമോ;

(ബി) ബില്ലുകൾ മാറി നൽകുന്നതിന്, ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ബില്ലുകളുടെ തുകയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ട്രഷറികൾക്ക് നിർദ്ദേശം എന്തെങ്കിലും നൽകിയിരുന്നോ; ഇല്ലെങ്കിൽ വലിയ തുകകൾക്കുള്ള ബില്ലുകൾ പൂർണമായും മാറി നൽകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ ട്രഷറികളിൽ മാർച്ച് മാസം സമർപ്പിച്ച ക്യൂ ബില്ലുകൾ ഈ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്ന സാഹചര്യമുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ മുൻ വർഷത്തെ ബില്ലുകൾ പുതിയ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും കുറവ് ചെയ്യാനിടയായ സാഹചര്യം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ട്രഷറി നിയന്ത്രണം

5965 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## 2024-25 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം

5966 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## കൂരാച്ചുണ്ട് സബ്ട്രഷറിക്ക് കെട്ടിടം

5967 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന് ഗ്രാമ പഞ്ചായത്ത് ഭൂമി വിട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് കെട്ടിടമുണ്ടാക്കുന്നതിനായി പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

## <u>ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കാൻ നടപടി</u>

5968 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലെ ആഭ്യന്തര ഓഡിറ്റ് കാലികമായി നടത്താറുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ള ആഭ്യന്തര പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ധനകാര്യ വകുപ്പ് മാർഗ്ഗരേഖ പ്രകാരം ആഭ്യന്തര ഓഡിറ്റിന് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫിസർ ട്രഷറി വകുപ്പിൽ ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ധനകാര്യവകുപ്പിൽ നിന്നും സീനിയർ ഫിനാൻസ് ഓഫിസറെ നിയമിച്ച് ട്രഷറി വകുപ്പിലെ ആഭ്യന്തര പരിശോധന ശക്തമാക്കി സാമ്പത്തിക ക്രമക്കേടുകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായം</u>

5969 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുമുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ ആശുപത്രികൾക്ക് കുടിശിക നൽകാനുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

## <u>കെ.എസ്.എഫ്.ഇ.യുടെ ശാക്തീകരണം</u>

5970 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.യുടെ സാമ്പത്തിക ശേഷിയിലും ബിസിനസിലും ഉണ്ടായിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചിട്ടികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ; ആയതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്നും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ഡി) വർദ്ധിച്ചുവരുന്ന ബിസിനസിന് ആനുപാതികമായി ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## കെ.എസ്.എഫ്.ഇ.യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

5971 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ നടപ്പാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ദീർഘകാല കുടിശ്ശിക നിലനിൽക്കുന്നവർക്ക് ആശ്വാസമായിരുന്ന പദ്ധതി ഈ സാമ്പത്തിക വർഷം കൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.എഫ്.ഇ. ലോൺ തിരിച്ചടവിനുളള ഇളവുകൾ

5972 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ലോൺ തിരിച്ചടവിൽ പ്രയാസം നേരിടുന്നവർക്ക് കെ.എസ്.എഫ്.ഇ. നൽകുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കെ.എസ്.എഫ്.ഇ.യിലെ സർവ്വീസ് ടാക്സ് തിരികെ നൽകൽ

5973 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ വിവിധ ബ്രാഞ്ചുകളിലെ ചിട്ടി ഗുണഭോക്താക്കളായിരുന്ന വ്യക്തികൾക്ക് അവരുടെ ചിട്ടിയുമായി ബന്ധപ്പെട്ട സർവ്വീസ് ടാക്സ് തിരികെ നൽകുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാം വർഷങ്ങളിലെയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രത്യേകമായി അപേക്ഷ നൽകിയവർക്ക് മാത്രമാണോ ഇതിന്റെ ഗുണം ലഭിക്കുന്നത്; അപേക്ഷ നൽകാത്തവർക്ക് കൂടി ഇതിന്റെ ഗുണം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

5974 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർ ഈ ചിട്ടിയിൽ പങ്കാളികളായിട്ടുണ്ടെന്നും ഇതിലൂടെ എത്ര രൂപ സമാഹരിക്കാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) മറ്റ് ചിട്ടികളിൽ നിന്നും വ്യത്യസ്തമായി ഈ ചിട്ടിക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ചിട്ടിക്ക് വേണ്ടി പ്രചാരണ പരസ്യ പ്രവർത്തനങ്ങൾക്ക് കെ.എസ്.എഫ്.ഇ. ഇതിനകം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി

5975 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.ക്ക് പ്രവാസി ചിട്ടി വഴി നാളിതുവരെ ലഭിച്ച ലാഭം എത്രയാണെന്നും പ്രസ്തുത ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് പരസ്യ ഇനത്തിലും മറ്റ് ഇനങ്ങളിലുമായി നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിലാണ് പ്രവാസി ചിട്ടി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്;

(സി) നാളിതുവരെ എത്ര പ്രവാസി ചിട്ടികൾ സബ്സ്ക്രിപ്ഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര ചിട്ടികൾ നടന്നു വരുന്നുണ്ടെന്നും പൂർത്തിയാക്കിയ ചിട്ടികളിൽ പങ്കെടുത്തവരുടെ എണ്ണം എത്രയെന്നും നടന്നുവരുന്നവയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവാസി ചിട്ടി വഴി സമാഹരിച്ച തുകയിൽ കിഫ്ബി ബോണ്ടുകളിൽ സെക്യൂരിറ്റിയായി നിക്ഷേപിച്ച തുക എത്രയാണെന്നുള്ള കണക്ക് ലഭ്യമാക്കുമോ?

## ജീവാനന്ദം പദ്ധതി

5976 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി ജീവാനന്ദം പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയോ റിസർവ്വ് ബാങ്കിന്റെയോ അനുമതി ആവശ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അനുമതി ആവശ്യമാണെങ്കിൽ ഇക്കാര്യത്തിൽ എല്ലാ നടപടികളും യഥാസമയം പൂർത്തിയാക്കുവാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## മെഡിസെപ് പദ്ധതി

5977 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര തുക പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ക്ലെയിം നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി എത്ര വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കാലാവധി കഴിഞ്ഞ് കരാർ പുതുക്കുമ്പോൾ പ്രീമിയത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മെഡിസെപ് പദ്ധതി മറ്റ് ഇൻഷ്വറൻസ് കമ്പനികൾ ഏറ്റെടുക്കാത്ത പക്ഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർവഹിക്കുന്നതിന് തീരുമാനമെടുക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ താലൂക്ക് പരിധിയിലെ സ്റ്റാമ്പ് വെണ്ടർമാർ

5978 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് പരിധിയിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റാമ്പ് വെണ്ടർമാരുടെ പേരുവിവരവും മുദ്രപ്പത്രം ലഭിക്കുന്ന സ്ഥലങ്ങളുടെ വിവരവും ലഭ്യമാക്കുമോ?

## മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി

5979 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നടപടി എന്നും അറിയിക്കാമോ ;

(ബി) കെട്ടിടങ്ങൾക്കും, സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ തന്നെ ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്ന തരത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിലവിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ ?

## സർക്കാർ കേസുകൾ കൈകാര്യം ചെയ്യുന്ന അഭിഭാഷകർ

5980 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് വേണ്ടി കേസുകൾ വാദിക്കുന്നതിനും വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിയമിക്കപ്പെട്ട അഭിഭാഷകരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എണ്ണവും അവർ കൈകാര്യം ചെയ്യുന്ന കേസുകളുടെ വിശദവിവരവും ലഭ്യമാക്കാമോ;

(സി) 2016 ഏപ്രിൽ മുതൽ നാളിതുവരെയും സർക്കാരിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മറ്റു വ്യവഹാരങ്ങൾ നടത്തുന്നതിനും നിയമിക്കപ്പെട്ടിട്ടുള്ള അഭിഭാഷകർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങൾ ആയിട്ടും നൽകിയിട്ടുള്ള ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ സർക്കാരിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിനും മറ്റു വ്യവഹാരങ്ങൾ നടത്തുന്നതിനും നിയമിക്കപ്പെട്ടിട്ടുള്ള അഭിഭാഷകർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും പുറമേ സർക്കാർ കേസുകൾ വാദിക്കുന്നതിനായി മറ്റ് അഭിഭാഷകരുടെ സേവനം സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത അഭിഭാഷകരുടെ പേര് വിവരവും അവർ ഹാജരായിട്ടുള്ള കേസിന്റെ വിവരവും ഓരോ കേസിനും ഹാജരാകുമ്പോൾ അവർക്ക് നൽകിയ പ്രതിഫലത്തിന്റെ വിവരവും പ്രത്യേകം വ്യക്തമാക്കാമോ?

## <u>അഭിഭാഷക ക്ഷേമനിധി</u>

5981 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ അഭിഭാഷകർ പ്രാക്ടീസ് അവസാനിപ്പിച്ച് പിരിഞ്ഞു പോകുമ്പോൾ എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സഹായ തുക വർദ്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) അഭിഭാഷക ക്ഷേമനിധിയിലെ ഫണ്ട് ദുർവിനിയോഗം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## <u>നിയമ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ</u>

5982 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## <u>വാടക നിയന്ത്രണ നിയമം</u>

5983 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ വാടക നിയന്ത്രണ നിയമം ഇല്ലാത്തതുകൊണ്ട് കേരളത്തിലെ കെട്ടിട ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാനായി ഒരു മാതൃകാ വാടക നിയന്ത്രണ നിയമം കൊണ്ടുവരാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ പ്രവർത്തനരഹിതമായ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

5984 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വന്തമായി ഭൂമിയുള്ള എത്ര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് ഉള്ളതെന്നും അതിൽ പ്രവർത്തനരഹിതമായവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) സൊസൈറ്റികൾ നിലവിലില്ലാത്തതിനാൽ അനാഥമായിക്കിടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) സർക്കാരിന് ഇവയിൽ നിന്ന് എന്ത് ബാധ്യതയാണ് ലഭിക്കാനുള്ളത്;

(ഡി) ഇത്തരം ഭൂമികൾ സർക്കാരിന് കൈവശപ്പെടുത്തുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ?

## പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ

5985 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണമെന്ന് വിശദമാക്കാമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെണ്ണം ഏതെല്ലാമെന്ന് വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ

5986 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവയെ പ്രവർത്തനക്ഷമമാക്കുന്നതിന് സഹായകകരമായ രീതിയിൽ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുള്ളതും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## എടരിക്കോട് ടെക്സ്റ്റൈൽസിലെ പി.എഫ്. തിരിമറി

5987 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വിഹിതം പി.എഫ്. ൽ അടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനത്തിൽ എത്ര തുകയാണ് പി.എഫ്.ൽ അടക്കാനുള്ളത്; ഇത് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പി.എഫ്. തുക അടക്കാത്തതിനാൽ സ്ഥാപനത്തിനെതിരെ ജപ്തി നടപടികൾ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് നൽകാനുള്ളത്; ജീവനക്കാരുടെ പേരും വിഹിതവും അടക്കം വിശദമാക്കാമോ?

## കെൽട്രോൺ മുഖേന നടപ്പാക്കിയ പദ്ധതികൾ

5988 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഓർഡറുകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് കെൽട്രോൺ മുഖാന്തിരം ഏറ്റെടുത്ത് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം.എൽ.എ.മാരുടെ പ്രത്യേക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവ വഴി എത്ര രൂപയുടെ ഓർഡറുകൾ ലഭിച്ചുവെന്നും അതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ?

## കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി

5989 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. മുഖേന നടത്തുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി പ്രകാരം എത്ര തുകയാണ് വായ്പയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## എടരിക്കോട് കെ.ഇ.എൽ. യൂണിറ്റ്

5990 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിൽ നിർമ്മിക്കുന്ന പ്രൊഡക്ടുകൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിൽ നിന്നുള്ള ഉല്പന്നത്തിന് സർക്കാരിന്റെ ഓർഡറുകൾ ലഭിക്കാത്തത് കമ്പനിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനി നിലവിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ നിന്നും നിർമ്മിച്ച ട്രാൻസ്ഫോർമറിന്റെ വിശദമായ വിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് കൂടുതൽ വർക്ക് ഓർഡറുകൾ സ്ഥാപനത്തിന് നൽകുമോ; വിശദമാക്കാമോ?

## കെ.ഇ.എൽ.ൽ ട്രാക്ഷൻ ട്രാൻസ്ഫോർമർ വികസിപ്പിക്കുന്ന പദ്ധതി

5991 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ (കെ.ഇ.എൽ) കൊച്ചി മാമല യൂണിറ്റിൽ ട്രാക്ഷൻ ട്രാൻസ്ഫോർമർ വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിൽ നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം വിപുലീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കെ.ഇ.എൽ.-ന് ആവശ്യമായ പാർട്ട്സ് നിർമ്മിക്കുന്നതിനായി കെ.ഇ.എൽ.-കിൻഫ്ര സംയുക്ത സംരംഭമായി ഒരു ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**എടരിക്കോട് ടെക്സ്റ്റൈൽസിലെ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കൽ**

5992 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റൈൽസിലെ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കി നൽകുന്നതിൽ വന്ന അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം ജോലികളിൽപ്പെട്ട ജീവനക്കാർക്കാണ് കരാർ പുതുക്കി നൽകാനുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ?

**എടരിക്കോട് കെ.ഇ.എൽ. ന്റെ ഭൂമി**

5993 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് കെ.ഇ.എൽ. യൂണിറ്റിന്റെ ഭൂമിയിൽ നിന്നും ഈ സ്ഥാപനത്തിലേക്ക് അടക്കം ജലം എത്തിക്കുന്നതിനുള്ള കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ഏതുവരെയായി; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് അനുകൂല നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

5994 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച ഷൊർണ്ണൂർ ഗാല പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതികൾ**

5995 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ഇതുവരെ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണം

5996 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവത്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) 2023-24 ൽ പ്രസ്തുത സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## വ്യവസായ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതികൾ

5997 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ ഗുണങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഹെവി മെഷീനറി നിർമ്മാണ മേഖല

5998 **ശ്രീ വി ജോയി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തുന്നതിനായി ഹെവി മെഷീനറി നിർമ്മാണ മേഖലയിലെ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹെവി മെഷീനറി മേഖലയിലെ നിക്ഷേപ സാധ്യതകൾ പരിഗണിച്ച് ഈ മേഖലയിലെ സംരംഭകർക്ക് അവരുടെ മെഷീനറികളുടെ ലൈവ് ഡെമോയും ഇത് സംബന്ധിച്ച് ആശയ വിനിമയത്തിനും അവസരം ഒരുക്കുന്നതിനുമായി മെഷീനറി എക്സ്പോ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

5999 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമിയിൽ സ്വകാര്യ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിലെ വ്യവസായ സാധ്യതകൾ പഠിക്കുന്നതിനും അവ കേരളത്തിൽ നടപ്പിലാക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി. ക്ക് കീഴിൽ ഒരു സ്ഥിരം സംവിധാനം (റിസർച്ച് വിഭാഗം) ഒരുക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ?

## ഒരു ജില്ല ഒരു ഉൽപ്പന്നം പദ്ധതി

6000 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയിൽ കാസർഗോഡിന്റെ ഉല്പന്നമായി ചക്ക തെരഞ്ഞെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര വർഷം മുമ്പാണ് തെരഞ്ഞെടുത്തത്;

(ബി) അതിനോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും പ്രസ്തുത പരിപാടികൾ പ്രാവർത്തികമാക്കുന്നതിന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ജില്ലയിൽ എത്ര ടൺ ചക്ക ഉല്പാദിപ്പിക്കപെടുന്നുണ്ടെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സീസണിലും കാസർഗോഡ് ജില്ലയിൽ ധാരാളം ചക്ക പാഴായി പോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറഞ്ഞത് 100 ടൺ ചക്ക എങ്കിലും ജില്ലയിൽ പാഴായി പോകുന്ന എന്ന സംരക്ഷക സംഘടനകളുടെയും ചെറു സംരംഭങ്ങൾ നടത്തുന്നവരുടെയും കണക്ക് ശരിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ;

(ഇ) മൂല്യ വർധിത ഉല്പന്നങ്ങൾ ചക്കയിൽ നിന്ന് ഉണ്ടാക്കിയെങ്കിലും അത് വിൽക്കാതെ പോകുന്നുവെന്നത് ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ വിശദമാക്കുമോ; ഒരു ജില്ല ഒരു ഉല്പന്നം പദ്ധതിയുടെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽ സ്ഥാപിച്ച സ്റ്റാളിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(എഫ്) ചക്കയുടെ ഉല്പാദനവും വിതരണവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ചക്കയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഫലമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ചക്കയുടെ സംരക്ഷണത്തിനും സംഭരിക്കലിനും ജില്ലാ വ്യവസായ കേന്ദ്രം നടപടികൾ എടുത്തില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

6001 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് 2024-25 ൽ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ വ്യവസായ സംരംഭങ്ങൾ</u>**

6002 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ അഞ്ചു കോടി രൂപയിൽ അധികം മൂലധനം ഉള്ള എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) 2023-24 വർഷത്തിൽ വ്യവസായ സംരംഭകർക്ക് സബ്സിഡി ഇനത്തിൽ എത്ര തുക നൽകി; വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ സംരംഭങ്ങൾ</u>**

6003 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും രജിസ്റ്റർ ചെയ്ത സംരംഭങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും എത്ര നിക്ഷേപം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

**<u>അർബുദ ചികിത്സാ മരുന്നുകളുടെ ഉല്പാദനം</u>**

6004 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ ചികിത്സാ മരുന്നുകളുടെ ഉല്പാദനം ഓങ്കോളജി പാർക്കിൽ നിന്നും എപ്പോൾ ആരംഭിക്കുവാൻ കഴിയും വ്യക്തമാക്കാമോ?

**<u>വ്യവസായ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ</u>**

6005 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും, എത്ര കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും, മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും, മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം

ഏതാണെന്നും,ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## കെ.പി.പി.എൽ. ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ

6006 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൻ.എൽ.-നെ കിൻഫ്ര വഴി ഏറ്റെടുത്ത് കെ.പി.പി.എൽ. എന്ന പേരിൽ പ്രവർത്തനം പുനരാരംഭിച്ചപ്പോൾ എത്ര തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നുവെന്നും ഇവർ ഓരോരുത്തരും എത്രകാലമായി ജോലിചെയ്യുന്നുവെന്നും അറിയിക്കാമോ;

(ബി) ഉല്പാദനം ആരംഭിച്ച് 6 മാസത്തിനകം പ്രസ്തുത തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നോ;

(സി) എച്ച്.എൻ.എൽ.-ലിൽ നിന്നും കെ.പി.പി.എൽ.ലേയ്ക്ക് കരാർ നിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരെ എന്ന് സ്ഥിരപ്പെടുത്താൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കേണ്ട പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ എന്നുമുതൽ നൽകുമെന്ന് അറിയിക്കാമോ?

## കെ-ബിപ്പിന്റെ പ്രവർത്തനങ്ങൾ

6007 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) നടത്തിവരുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദേശീയ-അന്തർ ദേശീയ മേളകളിൽ സംസ്ഥാനത്ത് നിന്നുള്ള സംരംഭകരുടെ ഉല്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുന്നതിനും വിപണനം നടത്തുന്നതിനും പ്രസ്തുത സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

## ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി

6008 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാര മേഖലയെ നിയന്ത്രിക്കുന്നതിന് സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ വ്യാപാരം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>ചെറികിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി</u>

6009 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് എത്ര തുകയാണ് സബ്സിഡി ആയി നൽകുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ വ്യവസായങ്ങൾക്കും പരമാവധി നൽകുന്ന സബ്സിഡി തുക എത്ര എന്ന് വിശദമാക്കാമോ?

## <u>എം. എസ്. എം. ഇ. നിയമ ഭേദഗതി</u>

6010 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പ് വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എം. എസ്. എം. ഇ. നിയമ ഭേദഗതി ചെറുകിട വസ്ത്ര വ്യാപാര രംഗത്തെ ദോഷകരമായി ബാധിക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ രീതിയിലാണ് പ്രസ്തുത മേഖലയെ ഇത് ബാധിക്കുകയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ചെറുകിട വസ്ത്ര വ്യാപാരികളുടെ ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ള ലൈസൻസ്</u>

6011 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

6012 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളുമാണ് സംരംഭകർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾ

6013 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) മത്സ്യം മാംസം എന്നിവയെ വിവിധ ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിയുന്ന സാങ്കേതിക വിദ്യ നമ്മുടെ ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

6014 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിവിവരവും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ എത്ര ചെറുകിട സംരഭകർക്ക് അനുമതിയും സഹായവും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

## പരമ്പരാഗത/കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളുടെ നവീകരണം

6015 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളിലും കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളിലും എത്രപേർ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പരമ്പരാഗത മുള വ്യവസായ മേഖലയിലെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി

6016 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത മുള വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

**ബാംബൂ ബസാറിന്റെ പ്രവർത്തനം**

6017 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കോതമംഗലത്ത് പണി കഴിപ്പിച്ചിട്ടുള്ള ലൈവ് ലീഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ ആൻഡ് ബാംബൂ ബസാർ-ന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ**

6018 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 2021-22, 2022-23, 2023-24 വർഷങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മേൽ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണ സമിതികളിലേക്ക് സർക്കാർ നിയമിച്ച അംഗങ്ങളുടെ പേരു വിവരങ്ങൾ ലഭ്യമാക്കുമോ?

**സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

6019 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ട് വ്യവസായരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ബാങ്കുകൾ വഴി വർക്കിങ് ക്യാപ്പിറ്റൽ ലോൺ ലഭ്യമാക്കാൻ വ്യവസായ വകുപ്പ് ബാങ്കുകളുമായി ധാരണയിലെത്താനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) കടം കൊടുക്കുന്നത് തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസീവബിൾസ് ഇലക്ട്രോണിക് ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരളത്തിൽ വളരെ കുറച്ച് സംരംഭങ്ങൾ മാത്രമേ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ. കളും ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>എസ്.ഐ.പി. നിക്ഷേപ പദ്ധതികൾ</u>

6020 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കായി സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് സഹായകരമാകുംവിധത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനുകൾ (എസ്.ഐ.പി.) ആസൂത്രണം ചെയ്ത് നടപ്പിലാക്കാമോ; വിശദാംശം നൽകാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിന് സ്ഥിരം സംവിധാനം നടപ്പിലാക്കാമോ; വ്യക്തമാക്കാമോ?

## <u>മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ സഹകരണ നിയമം സെക്ഷൻ 80 നടപ്പാക്കൽ</u>

6021 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിന് കീഴിലെ മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ലാഭകരമാക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മില്ലിൽ അംഗീകൃത ജീവനക്കാർക്ക് സഹകരണ നിയമം 80 എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്; നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; വിശദാംശം നൽകാമോ;

(സി) 29.02.16- ലെ സ. ഉ (സാധാ) നം.226/16 എന്ന ഉത്തരവ് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഉത്തരവ് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

## <u>സംരംഭക വർഷം പദ്ധതി - കോട്ടയം ജില്ലയിൽ ആരംഭിച്ച സംരംഭങ്ങൾ</u>

6022 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ പുതിയതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംരംഭങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

## നാദാപുരം മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ബാംബൂ വ്യവസായ സംരംഭം

6023 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന വ്യവസായ സംരംഭത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സംരംഭം പുനരുജ്ജീവിപ്പിക്കാനായുള്ള നടപടികൾ ബാംബൂ കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## വ്യവസായ സംരംഭം തുടങ്ങാൻ സുതാര്യ നടപടിക്രമങ്ങൾ

6024 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭം തുടങ്ങുന്നവർക്കായി സുതാര്യതയുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പുതിയ വ്യവസായ സംരംഭകർ

6025 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതു മേഖലാ സ്ഥാപനങ്ങൾ ആണ് നിലവിൽ പ്രവർത്തന ലാഭത്തിൽ ഉള്ളതെന്നും എത്ര വീതമാണ് പ്രവർത്തന ലാഭമെന്നും വ്യക്തമാക്കുമോ;

(ബി) 2016-ൽ സർക്കാർ അധികാരമേൽക്കുമ്പോൾ പ്രവർത്തന ലാഭത്തിലുള്ളവ, നഷ്ടത്തിലുള്ളവ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വ്യവസായ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികൾ മൂലം പുതുതായി സംസ്ഥാനത്ത് എത്തിയ വ്യവസായ സംരംഭകർ ആരൊക്കെയെന്നും എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ആണ് ഇതിലൂടെ കേരളത്തിന് ഉണ്ടായതെന്നും എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചുവെന്നും വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരമുള്ള സംരംഭങ്ങൾ

6026 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക ധന സഹായമായി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഉദ്യം പോർട്ടൽ രജിസ്ട്രേഷൻ സംബന്ധിച്ച കണക്കുകൾ

6027 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യം പോർട്ടൽ നിലവിൽ വന്നത് എന്നാണെന്നും പ്രസ്തുത പോർട്ടലിൽ സംരംഭകത്വവുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത സ്ത്രീ പുരുഷ സംരംഭകരുടെയും എണ്ണം എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പുരുഷ സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ ജില്ലാടിസ്ഥാനത്തിൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീ സംരംഭകരുടെ സാമ്പത്തിക വിഭാഗം (എ.പി.എൽ -ബി.പി.എൽ) തിരിച്ച് ജില്ല അടിസ്ഥാനമാക്കിയുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ.ഡബ്ള്യൂ.എസ് വിഭാഗത്തിൽപ്പെട്ട സ്ത്രീ സംരംഭകരുടെ എണ്ണം വ്യക്തമാക്കാമോ?

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ സ്ഥലങ്ങൾ

6028 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എവിടെയെല്ലാം സ്ഥലങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളുടെ വിസ്തീർണ്ണം എത്രയാണെന്നും അവിടെ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്ന എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ?

## പ്രീ എഞ്ചിനീയറിംഗ്, പ്രീ കാസ്റ്റ് നിർമ്മാണ വ്യവസായങ്ങൾ

6029 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്രീ എഞ്ചിനീയറിംഗ്, പ്രീ കാസ്റ്റ് നിർമ്മാണ വ്യവസായങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

## ചെറുകിട വ്യാപാര സ്ഥാപനങ്ങൾ

6030 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനത്തിന്റെ പേരിൽ ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് നേരെ മാത്രം നടപടി സ്വീകരിക്കുന്നതിനാൽ വലിയ പ്രതിസന്ധി നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിന് പിഴ ചുമത്തിയതിനെ തുടർന്ന് സംസ്ഥാനത്ത് എത്ര ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്; ഇത് സംബന്ധിച്ച് കണക്ക് ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യാപാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## ഐ.ടി. അധിഷ്ഠിത വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ

6031 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഐ.ടി. അധിഷ്ഠിത വ്യവസായ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ വിവിധ ഐ.ടി. പാർക്കുകളിലായി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന്

6032 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കാനും ഉതകുന്ന തരത്തിൽ ക്വാറി പ്രവർത്തനവും മണൽ ഖനനവും സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മംഗലാപുരം -കൊച്ചി പ്രകൃതി വാതക ലൈൻ രൂപീകരണം

6033 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം-കൊച്ചി പ്രകൃതി വാതകലൈൻ രൂപീകരിച്ചതിനെത്തുടർന്ന് വീടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എന്നു മുതൽ നൽകാൻ കഴിയുമെന്നും, എപ്പോൾ മുതൽ വ്യവസായ വാണിജ്യസ്ഥാപനങ്ങൾക്കുള്ള ഇന്ധനമായി നൽകുവാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) ഗെയ്ൽ പൈപ് ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളതെന്നും എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ?

## കാസർഗോഡ് ജില്ലയിലെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഓഫീസ്

6034 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ഓഫീസ് ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ്എത്ര കാലമായി പ്രവർത്തിക്കുന്നുണ്ടെന്നും ഓഫീസ് മേധാവിയടക്കം എത്ര തസ്തികകളാണുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കാലമായി ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ;

(ഡി) തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ അതുമൂലം സേവനം ലഭിക്കേണ്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഓഫീസിൽ നിലവിൽ തീർപ്പാകാതെ എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണെന്നും കാലവിളംബത്തിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) സേവനാവകാശ നിയമം അനുസരിച്ച് ഓഫീസിൽ എത്തുന്ന ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കേണ്ട സമയപരിധി എത്രയാണെന്ന് വിഷയം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസിൽ എത്തുന്നവർക്ക് ഇതനുസരിച്ച് സേവനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ കഴിയുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>മണ്ണ് നീക്കം ചെയ്യുന്നതിനായി വടകര താലൂക്കിൽനിന്നുള്ള അപേക്ഷകൾ</u>**

6035 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; അക്കാര്യത്തിൽ അനുമതി ലഭിക്കുന്നതിനായി അപേക്ഷകൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കാമോ?

**<u>കൈത്തറി വ്യവസായത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

6036 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ ഓരോന്നിനും 2022-23 മുതൽ 2023-24 വരെയുള്ള ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയും സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയും എത്രവീതമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക പൂർണ്ണമായും കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(സി) ചെലവഴിച്ച തുക പൂർണ്ണമായും ലഭിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ചെലവായ തുക പൂർണ്ണമായും ലഭിക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് ഉള്ളതെന്ന് കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ?

## ഹാൻവീവ്, ഹാന്റെക്സ് എന്നിവയുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്

6037 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാൻടെക്സിന്റെയും ഹാൻഡ് വീവിന്റെയും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവ്, ഹാന്റെക്സ് സ്ഥാപനങ്ങളുടെ വിവരം നൽകുമോ?

## ഓട്ടുകമ്പനികൾക്ക് കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ

6038 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പരമ്പരാഗത വ്യവസായമായ ഓട് നിർമ്മാണ കമ്പനികൾ, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവിനെ തുടർന്ന് പ്രതിസന്ധിയിലായി കമ്പനി അടച്ചുപൂട്ടി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായത്തിന്റെ നിലനിൽപ്പിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയ്ക്കുമായി ഓട്ടുകമ്പനികൾക്ക് കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പെർമിറ്റ് വ്യവസ്ഥയിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിനും കർശന നിയന്ത്രണത്തോടെ ഓട്ടുകമ്പനികൾക്ക് ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് സെൻട്രൽ കേരള ടൈൽസ് മാനുഫാക്ച്വേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ?

## ഖാദി ഗ്രാമവ്യവസായ മേഖലയിലെ പ്രതിസന്ധി

6039 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖല കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക പതിമൂന്ന് മാസത്തിലേറെ കുടിശികയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടിശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

## <u>കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സ്</u>

6040 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ 2022-23 വർഷത്തെ വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്റ്റാർച്ച് യൂണിറ്റ്, ഗാർമെന്റ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന യൂണിറ്റുകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

## <u>ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം</u>

6041 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം എന്നാണ് നടപ്പിക്കായത് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കിയ നാൾ മുതൽ നാളിതുവരെ എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത് എന്ന് വർഷാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ ഖാദി നൂൽപ്പ് / നെയ്ത്ത് സെന്ററുകളിലെ അടിസ്ഥാന സൗകര്യവികസനം</u>

6042 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഖാദി നൂൽപ്പ്,നെയ്ത്ത് സെന്ററുകളുടെ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഈ സ്ഥാപനങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന അറ്റകുറ്റപ്പണികളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെയും വിശദാംശങ്ങൾ സെന്ററുകൾ തിരിച്ച് നൽകാമോ?

**<u>ഖാദി സ്ഥാപനങ്ങൾക്കുള്ള സർക്കാർ റിബേറ്റ്</u>**

6043 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി സ്ഥാപനങ്ങൾക്ക് നൽകി വന്നിരുന്ന റിബേറ്റ് നിലവിൽ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഖാദി മേഖലയിൽ നൽകി വന്നിരുന്ന റിബേറ്റ് നിർത്തലാക്കിയത് കാരണം ഉല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഖാദി മേഖലയിൽ നൽകി വന്നിരുന്ന റിബേറ്റ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ</u>**

6044 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വിശദമാക്കുമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>ഖാദി വസ്ത്രങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കാൻ നടപടി</u>**

6045 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) ഖാദിവസ്ത്രങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഖാദി വസ്ത്രങ്ങളുടെ വിൽപന വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കോംട്രസ്റ്റ് ഫാക്ടറി തൊഴിലാളികളുടെ പുനരധിവാസം

6046 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിലെ കോംട്രസ്റ്റ് ഫാക്ടറിയുടെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## കയർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

6047 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കയർ മേഖലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എന്തൊക്കെ ധനസഹായം ആണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കെ.എം.എം.സി.യിൽ ഏതൊക്കെ യന്ത്രങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സംഘത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ

6048 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം മാമ്പറ്റയിലെ കയർഫെഡ് സ്ഥാപനത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ ഫലമായി ലഭിക്കാവുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ?

## കയർ മേഖലയിലെ വൈവിധ്യവല്ക്കരണം

6049 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ വൈവിധ്യവല്ക്കരണം ശക്തിപ്പെടുത്തുവാനും പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചകിരിച്ചോറിന്റെയും ഉണക്കത്തൊണ്ടിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

## കശുവണ്ടി വ്യവസായ മേഖലയുടെ വികസനം

6050 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കശുവണ്ടി വ്യവസായ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെയും വിശദവിവരം ലഭ്യമാക്കുമോ?

## കേരള കശുവണ്ടി കോർപറേഷൻ

6051 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി കോർപറേഷന്റെ കീഴിൽ 1988-1994 കാലഘട്ടത്തിൽ മുരിയാട് വിജയലക്ഷ്മി കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊണ്ണൂറ് സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മിഷണറുടെ 26.05.2016-ലെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കശുവണ്ടി ഉല്പാദനത്തിൽ സ്വയം പര്യാപ്തത

6052 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും കശുവണ്ടി കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കർഷകർക്ക് സൗജന്യ വൈദ്യുതി

6053 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് കൃഷി ആവശ്യത്തിന് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണം തദ്ദേശസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

## സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

6054 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദനത്തിനായി വീടുകളിൽ സോളാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വടകര താലൂക്കിൽ ഇതിനായി നിയോഗിച്ചിട്ടുള്ള അംഗീകൃത ഏജൻസികളുടെ വിവരങ്ങൾ അറിയിക്കാമോ?

## വൈദ്യുതി ബോർഡിന്റെ കരാറുകൾ

6055 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാങ്ങുന്നതിനായി വൈദ്യുതി ബോർഡ് നിലവിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള കരാറുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## വൈദ്യുതി വിതരണ ലൈൻ കേബിളാക്കുന്ന പദ്ധതി

6056 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഇതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെയും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെയും വിശദാംശം/ പുരോഗതി ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

6057 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസരണ വിതരണ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്തുന്നതിനും മറ്റ് ചെലവുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മസ്ദൂർ, ലൈൻമാൻ തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാരെ കൂടുതലായി നിയമിച്ച് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതി ചാർജ് കുടിശിക ഈടാക്കാൻ നടപടി

6058 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ വൈദ്യുതി ചാർജ് കുടിശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ടെന്ന് സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും തിരിച്ചു അറിയിക്കുമോ;

(ബി) കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട കുടിശിക എത്ര തുകയാണെന്നും അവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

**<u>കെ.എസ്.ഇ.ബി. യുടെ വരുമാനം</u>**

6059 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ വന്ന സമയത്തെ കെ.എസ്.ഇ.ബി.യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത കാലയളവിൽ കെ.എസ്.ഇ.ബി.യ്ക്ക് കടബാധ്യത ഉണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്നുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; തദവസരത്തിൽ കെ.എസ്.ഇ.ബി.യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; കെ.എസ്.ഇ.ബി.യ്ക്ക് നിലവിൽ കടബാധ്യത ഉണ്ടോ; എങ്കിൽ എത്രയാണെന്ന വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ഇ.ബി.യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി ചാർജ്ജ് വർധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. യുടെ നഷ്ടം നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഗാർഹിക ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതി ബിൽ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ</u>**

6060 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ</u>**

6061 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി എന്ന് അറിയിക്കാമോ?

**<u>ദീർഘകാലത്തേക്കുള്ള വൈദ്യുതി കരാർ</u>**

6062 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മെയ് മാസത്തിൽ ദീർഘകാലത്തേക്കുള്ള വൈദ്യുതി കരാർ കെ.എസ്.ഇ.ബി. റദ്ദാക്കിയത് മൂലം ബോർഡിന് 2130 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കെ.എസ്.ഇ.ബി.യുടെ ആനുവൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച റിപ്പോർട്ടിലെ പ്രസക്തഭാഗത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ

6063 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഓവർലോഡ് മൂലം നിരന്തരം വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതിനായി പുതുതായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

6064 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗുരുവായൂർ ക്ഷേത്രപരിസരത്ത് കെ.എസ്.ഇ.ബി. പോസ്റ്റുകൾ ഒഴിവാക്കി യു.ജി.കേബിളുകൾ വഴി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## പുതിയ ട്രാൻസ്ഫോർമറുകൾ

6065 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തടസ്സരഹിതമായ വൈദ്യുതി ഉറപ്പു വരുത്തുന്നതിലേയ്ക്കായി പുതുതായി എത്ര ട്രാൻസ്ഫോർമറുകളാണ് കെ. എസ്. ഇ. ബി. വാങ്ങിയതെന്നും ഏതൊക്കെ വിഭാഗങ്ങളിലായി എത്ര ട്രാൻസ്ഫോർമറുകൾ വാങ്ങിയെന്നും ഇവയ്ക്ക് ഓരോന്നിനും എത്രരൂപ വീതമാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയവയും സ്വകാര്യമേഖലയിൽ നിന്ന് വാങ്ങിയവയും എത്രയെന്നും ഇവയുടെ വില എത്രയെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളെ കൂടാതെ സ്വകാര്യമേഖലയിൽ നിന്നും ട്രാൻസ്ഫോർമറുകൾ വാങ്ങേണ്ടി വന്നത് ഏതു സാഹചര്യത്തിലാണെന്ന്

വിശദമാക്കാമോ;

(ഡി) ഇതിനുമുൻപ് എത്ര തവണ സർക്കാർ സ്ഥാപനങ്ങൾക്ക് പുറമേ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ട്രാൻസ്ഫോർമറുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഉയരമുള്ള ഏണി (ലാഡർ) ലഭ്യമാക്കുന്നതിനുള്ള പദ്ധതി**

6066 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനത്തിനായി ഉരുട്ടി നിർത്താൻ കഴിയുന്ന ഉയരമുള്ള ഏണി (ലാഡർ) ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഇതിന് ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കാമോ?

**നിലാവ് പദ്ധതി**

6067 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിലാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ കാലാവധി വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ;

(സി) കൂത്തുപറമ്പ് മണ്ഡലത്തിൽ പദ്ധതി പ്രകാരം ഘടിപ്പിച്ച ബൾബുകളിൽ കേടായവ മാറ്റി ഘടിപ്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലാവ് പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നിബന്ധനകളോ വിലക്കുകളോ ഉണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**വൈദ്യുതി സംബന്ധിച്ച പരാതി പരിഹാരം**

6068 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.യ്ക്കു കീഴിൽ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം പരാതികൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.യ്ക്കു കീഴിൽ ആഭ്യന്തര സംവിധാനം വേണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി വിഷയങ്ങൾ സംബന്ധിച്ച് ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കാനായി വൈദ്യുതി സബ് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ വെളിപ്പെടുത്താമോ;

(ഡി) വൈദ്യുതി മേഖലയെയും അവകാശങ്ങളെയും കുറിച്ച് ഉപഭോക്തൃ ഗ്രൂപ്പുകളെ ബോധവൽക്കരിക്കുന്നതിനായി കൺസ്യൂമർ അഡ്വക്കസി സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതി വാങ്ങുന്നതിന് കരാർ</u>

6069 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വാങ്ങുന്നതിനായി കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറുകൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതിയാണ് വാങ്ങുന്നതെന്നും ഒരു യൂണിറ്റിന് എത്ര രൂപയാണ് ചെലവ് വരുന്നതെന്നും വിശദമാക്കാമോ;

(സി) കരാർ മുഖേന അല്ലാതെ ഏതു രീതിയിലാണ് വൈദ്യുതി വാങ്ങുന്നതെന്നും അത്തരം വാങ്ങലിനായി കഴിഞ്ഞ സാമ്പത്തികവർഷവും 2024 ഏപ്രിൽ, മേയ് മാസങ്ങളിലും എത്ര രൂപ ചെലവ് വന്നുവെന്നും വിശദമാക്കുമോ;

(ഡി) 2024 മെയ് മാസത്തിൽ കെ.എസ്.ഇ.ബി. അധിക വൈദ്യുതി വിറ്റിരുന്നോ; എങ്കിൽ എത്ര യൂണിറ്റെന്നും വില്പനയിലൂടെ ലഭിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ?

## <u>വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്</u>

6070 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിൽ പോസ്റ്റില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര രൂപയാണ് മിനിമം അടയ്ക്കേണ്ടത്; ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് മിനിമം എന്ത് തുക അടയ്ക്കേണ്ടതുണ്ട്; പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള തുകകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഇങ്ങനെ കണക്ഷൻ ലഭിക്കുമ്പോൾ ഒരു പോസ്റ്റ് കൊണ്ടു വരുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് എത്രയാണ്; കൂടാതെ പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനുസരിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; ഒരു വ്യക്തിക്ക് 5 പോസ്റ്റ് ആവശ്യമാണെങ്കിൽ ആയതിന്റെ ചാർജ് വിശദമാക്കാമോ;

(ഡി) പോസ്റ്റിന്റെ തുക അടയ്ക്കാതെ കോഷൻ ഡെപ്പോസിറ്റ് മാത്രം അടച്ച് കണക്ഷൻ ലഭിക്കുന്ന സമ്പ്രദായം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാണ് അത് നിർത്തലാക്കിയത്; വ്യക്തമാക്കാമോ?

## <u>വൈദ്യുതി ചാർജ്ജ് കുടിശിക പിരിച്ചെടുക്കാൻ നടപടികൾ</u>

6071 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുകയാണ് കുടിശിക വരുത്തിയിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>വൈദ്യുതി ഭേദഗതി ചട്ടങ്ങൾ</u>

6072 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ സംസ്ഥാനത്തെ ഏതൊക്കെ രീതിയിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>അംഗൻജ്യോതി പദ്ധതി</u>

6073 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അങ്കണവാടികളിലാണ് അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## <u>പള്ളിവാസൽ വിപുലീകരണ പദ്ധതി</u>

6074 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ വിപുലീകരണ പദ്ധതി ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

## <u>ആർ.ഡി.എസ്.എസ്. വിതരണ ശൃംഖല പദ്ധതി</u>

6075 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.എസ്.എസ്. വിതരണ ശൃംഖല പദ്ധതിയുടെ സംസ്ഥാനത്തെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പുനലൂർ മണ്ഡലത്തിൽ നിന്നും നിർദേശിക്കപ്പെട്ട വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതി ഏത് ഘട്ടത്തിലെന്നും അറിയിയ്ക്കുമോ;

(സി) മണ്ഡലത്തിലെ സർക്കാർ തോട്ടം മേഖലയിലുള്ള ആർ.പി.എൽ. തൊഴിലാളി ലയങ്ങളുടെ വൈദ്യുതീകരണം ആർ.ഡി.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തരമായി പൂർത്തീകരിച്ച് നൽകുന്നതിന് വേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ നിലാവ് പദ്ധതി

6076 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ നിലാവ് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നുണ്ടോ; അറിയിക്കാമോ?

## പുതുതായി തുടങ്ങിയ വൈദ്യുത പദ്ധതികൾ

6077 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് മുതൽ നാളിതുവരെ പുതുതായി തുടങ്ങിയ വൈദ്യുത പദ്ധതികളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പദ്ധതി, വർഷം, യൂണിറ്റ് സഹിതം വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി ആരംഭിക്കുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാം ആണെന്നും ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി എന്നത്തേക്ക് ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ അംഗൻ ജ്യോതി പദ്ധതി

6078 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## വയനാട്- ഉടുപ്പി പവർ ഹൈവേ പദ്ധതി

6079 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്- ഉടുപ്പി പവർഹൈവേ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പവർഹൈവേ കടന്ന് പോകുന്ന പ്രദേശങ്ങളിലെ എം.എൽ.എ. മാരുടെ യോഗം വിളിച്ചു ചേർത്ത് തുടർ നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## ഉടുപ്പി- കരിന്തളം 400 കെ.വി ലൈൻ സംബന്ധിച്ച നഷ്ടപരിഹാര പാക്കേജ്

6080 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി - കരിന്തളം 400 കെ.വി. ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂ ഉടമകൾക്കുള്ള നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭൂ ഉടമകൾക്കുള്ള നഷ്ടപരിഹാരം പുനർനിർണയിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(സി) പ്രസ്തുത യോഗ തീരുമാനപ്രകാരം ഭൂ ഉടമകൾക്ക് നഷ്ടപരിഹാരം പുതുക്കി നിശ്ചയിക്കുകയും നൽകുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) 66 കെ. വി. ശേഷിക്ക് മുകളിലുള്ള പ്രസരണ ലൈനുകൾ സ്ഥാപിക്കുമ്പോൾ സ്ഥലമുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം സംബന്ധിച്ച് കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ പുതിയ മാർഗരേഖകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) പ്രസ്തുത മാർഗരേഖ പ്രകാരമുള്ള നഷ്ടപരിഹാരം ഭൂ ഉടമകൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ വൈദ്യുത മേഖലാ പദ്ധതികൾ

6081 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ഇ-ചാർജ്ജിംഗ് സ്റ്റേഷനുകൾ

6082 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

6083 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നവീകരണ വിതരണ മേഖല പദ്ധതിയിൽ (ആർ.ഡി.എസ്.എസ്.) ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം**

6084 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നത് കാരണം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

**ഉടുപ്പി-കരിന്തളം ഇലക്ട്രിക് ലൈൻ**

6085 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുപ്പി-കരിന്തളം ഇലക്ട്രിക് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂ ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ന്യായമായ നഷ്ടപരിഹാരം നൽകി പ്രസ്തുത പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

**ചെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

6086 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം കാരണം ഉപഭോക്താക്കൾ ഏറെ പ്രയാസം നേരിടുന്നുണ്ടെന്നും പ്രദേശത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മൂടാൽ ബൈപ്പാസ് റോഡ് കേന്ദ്രമാക്കി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് മന്ത്രിക്ക് നൽകിയ

നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ ഉപഭോക്താക്കൾ നേരിടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി

6087 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ഉല്പാദനം

6088 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രതിവർഷ വൈദ്യുതി ഉല്പാദനം എത്രയാണ്; ഇതിൽ ഓരോ സ്രോതസ്സിൽ നിന്നുമുള്ള ഉല്പാദനം എത്രയാണെന്ന് സ്രോതസ് തിരിച്ചുള്ള കണക്ക് നൽകാമോ?

## വൈദ്യുതി വിതരണ മേഖലയിൽ പുതിയ ലൈനുകൾ സ്ഥാപിച്ചതിന്റെ വിശദാംശം

6089 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2024 കാലയളവിൽ വൈദ്യുതി വിതരണ മേഖലയിൽ പുതുതായി എത്ര കിലോമീറ്റർ ദൂരത്തിൽ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വൈദ്യുതി നിരക്ക് വർധന

6090 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ചാർജിൽ ഏർപ്പെടുത്തിയ സർചാർജ്ജ് പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി നിരക്ക് വർധന മൂലം ജനങ്ങൾ ദുരിതത്തിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## സോളാർ പദ്ധതി

6091 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി വീടുകൾക്ക് സോളാർ സ്ഥാപിക്കാനുള്ള സൂര്യാഘർ പദ്ധതി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ കഴിയാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിനായുള്ള കാമ്പെയ്നും പ്രൊമോഷനും പത്രപ്പരസ്യങ്ങളും നടത്തി സ്പോട്ട് രജിസ്ട്രേഷനുകൾ മുഖേന പദ്ധതി വിപുലമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) റിന്യൂവബിൾ എനർജി ടാർജറ്റ് 2050- ൽ നെറ്റ് സീറോ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(സി) പത്ത് കിലോവാട്ടിന് മുകളിലുള്ള സോളാർ വൈദ്യുതി ഉല്പാദനത്തിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന കേന്ദ്ര സർക്കാർ നിർദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## സോളാർ വൈദ്യുതോല്പാദനം

6092 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഉപഭോക്താക്കളുടെ നിലവിലെ ബില്ലിംഗ് രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതി അവർ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ കൂടുതലായാൽ എങ്ങനെയാണ് അധിക തുക കണക്കാക്കുന്നതെന്നും കുറവായാൽ എപ്രകാരമാണ് തുക കണക്കാക്കുന്നതെന്നും അറിയിക്കുമോ; ഉപഭോക്താക്കൾക്ക് നൽകാനുള്ള തുക അതത് സാമ്പത്തിക വർഷം തന്നെ നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിരവധി സോളാർ ഉപഭോക്താക്കൾ 2023 ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ അധിക വൈദ്യുതി കെ.എസ്.ഇ.ബി. യ്ക്കു നൽകിയിട്ടും 2024 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉപഭോക്താക്കൾ അധികമായി ഉപയോഗിച്ച വൈദ്യുതിക്ക് ഭീമമായ തുക ഈടാക്കിയത് തിരികെ നല്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ നിന്നും നൽകാതെ ഉപഭോക്താക്കളെ കൊണ്ട് വലിയ തുക മുടക്കി പുറമെ നിന്നും വാങ്ങിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; കെ.എസ്.ഇ.ബി. നാളിതുവരെ എത്ര സ്മാർട്ട് മീറ്ററുകൾ വാങ്ങിയിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

## ഓൺഗ്രിഡ് സോളാർ പദ്ധതി

6093 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഓൺഗ്രിഡ് സോളാർ പദ്ധതികളുടെ ആകർഷണീയത കുറയുന്ന തരത്തിൽ പത്ര/ദൃശ്യ/സാമൂഹിക മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗാർഹികാവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികൾ വീടുകളിൽ വയ്ക്കുന്ന ഓൺഗ്രിഡ് സോളാർ പ്ലാന്റ് പദ്ധതി മുഖേനയുള്ള ബില്ലുകളിലെ, നിലവിലെ സങ്കീർണമായ കണക്കുകൾ ലഘൂകരിച്ച് ബില്ലുകളിൽ വ്യക്തത വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ട്രാൻസ്ഫോർമറുകളുടെ നിലവിലെ ശേഷിയുടെ 75 ശതമാനം മാത്രമേ സോളാർ പദ്ധതികൾ അനുവദിക്കാവൂ എന്നത് കാരണം നഗരപ്രദേശങ്ങളിൽ പുതുതായി സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യം മറികടക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി

6094 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിൽ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഇളവനുവദിച്ച് പ്രത്യേകാനുമതി നൽകുന്നതിന് നൽകിയ അപേക്ഷയിൽ അനുമതി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിലും വന്യമൃഗങ്ങൾ റോഡിന് കുറുകേ ചാടി അപകടം സ്ഥിരമായി നടക്കുന്നതും കണക്കിലെടുത്ത് ആദിവാസി സമൂഹം അടക്കം അധിവസിക്കുന്ന കുട്ടമ്പുഴയിലേയ്ക്കുള്ള ജനങ്ങളുടെ പ്രധാന യാത്രാമാർഗ്ഗമായ പ്രസ്തുത റോഡിന്റെ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് പ്രത്യേക അനുമതി നൽകുമോ; വ്യക്തമാക്കാമോ?

## ഓർക്കാട്ടേരി സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം

6095 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ ഓർക്കാട്ടേരി സെക്ഷൻ ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് എന്ന് മുതലാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും എത്ര രൂപ നിരക്കിലാണ് നിലവിൽ വാടക നൽകി വരുന്നതെന്നും അറിയിക്കാമോ;

(സി) ഓർക്കാട്ടേരിയിൽ കെ.എസ്.ഇ.ബി. ക്ക് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുത്ത 80 സെൻറ് സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയിലെ സർവകക്ഷി അംഗങ്ങളും എം.എൽ.എ. യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഉപയോഗിക്കാതെ

കിടക്കുന്ന പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കണമെന്ന് വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് സെക്ഷൻ ഓഫീസ് അതിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പെരിങ്ങണ്ടൂര് മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷന് പുതിയ കെട്ടിട നിർമ്മാണം**

6096 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി മെഡിക്കൽ കോളേജ് വികസന സമിതിയുടെ 26.10.2019 ലെ തീരുമാന പ്രകാരം വിട്ടുനൽകുന്ന 20 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**പുതിയ സെക്ഷൻ ഓഫീസുകൾ**

6097 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; പ്രസ്തുത മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പിറവത്ത് നിലവിലുള്ള ഏതെങ്കിലും സെക്ഷൻ ഓഫീസുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്നു വിശദമാക്കാമോ;

(സി) പിറവം മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ള കെ.എസ്.ഇ.ബി. യുടെ സെക്ഷൻ ഓഫീസ് ഏതെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസ് വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം**

6098 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട 24.02.2016-ലെ ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇന്ത്യാനൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനത്തിനുവേണ്ടി ആറ് വർഷത്തേക്ക് വാടകരഹിത കെട്ടിട സൗകര്യം ലഭ്യമാക്കാൻ കോട്ടക്കൽ നഗരസഭ തയ്യാറാണെന്ന് അറിയിച്ചിരുന്നുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കോതകുറിശി സബ്സ്റ്റേഷന്റെ പ്രവർത്തനം**

6099 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കോതകുറിശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടും തുടർ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി. കൊടകര സബ്ഡിവിഷൻ ഓഫീസ്</u>**

6100 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിച്ചുവരുന്ന കെ.എസ്.ഇ.ബി. കൊടകര സബ്ഡിവിഷൻ ഓഫീസ്, കെ.എസ്.ഇ.ബി. യുടെ ആമ്പല്ലൂർ സെക്ഷൻ ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>കണമല പ്രദേശത്ത് പുതിയ സബ്സ്റ്റേഷൻ</u>**

6101 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ കണമല പ്രദേശത്ത് നിരന്തരമുണ്ടാകുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രദേശത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

**<u>നെല്ലിക്കാപ്പറമ്പ് 110 കെ.വി. സബ്സ്റ്റേഷൻ</u>**

6102 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട നെല്ലിക്കാപ്പറമ്പ് 110 കെ.വി.സബ്സ്റ്റേഷൻ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സബ്സ്റ്റേഷൻ പ്രവർത്തനം ഏതു കാലയളവിൽ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

**<u>കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി.സബ്സ്റ്റേഷൻ</u>**

6103 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുറ്റിക്കോൽ 110 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**<u>തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷൻ</u>**

6104 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷനു വേണ്ടി ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി

6105 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ സമീപമുള്ള ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ ഭാഗമായുള്ള സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

6106 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ?

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ നിയമനം

6107 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുടെ കുറവ്മൂലം വരും വർഷങ്ങളിൽ ഉണ്ടാകാൻ പോകുന്ന ഒഴിവുകൾ 13/02/2021 തീയതിയിലെ ജി.ഒ.(എം.എസ്.)നം. 05/2021/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം ഡയറക്റ്റ് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്ത് പി.എസ്.സി. വഴി നികത്തുമോ;

(ഡി) കെ.എസ്.ഇ.ബി.യിലെ മുഴുവൻ ജീവനക്കാരുടേയും എണ്ണം 30321-ൽ നിജപ്പെടുത്താനുള്ള സർക്കാർ നിർദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ഇ.ബി. പുനഃസംഘടന സംബന്ധിച്ച നിലവിലത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

## കെ.എസ്.ഇ.ബി.യിൽ കെ.എ.എസ്. കാർക്ക് നിയമനം

6108 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നുള്ളവരെ കെ.എസ്.ഇ.ബി.യിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നടത്തുന്ന നിയമനങ്ങൾ ബോർഡ് ജീവനക്കാരുമായി ഉണ്ടാക്കിയ കരാറിന്റെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങൾ നിലവിലെ പ്രമോഷൻ സാധ്യതകൾ ഇല്ലാതാക്കുമെന്ന ബോർഡ് ജീവനക്കാരുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തോറിയം അധിഷ്ഠിത ആണവ നിലയം

6109 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോറിയം അധിഷ്ഠിത ആണവ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ

6110 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന്

വ്യക്തമാക്കുമോ;

(സി) പിറവം മണ്ഡലത്തിൽ ഏതെല്ലാം സ്ഥലത്താണ് ഇത്തരത്തിലുള്ള ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തുടനീളം വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## വൈദ്യുതി തടസ്സം രേഖപ്പെടുത്താൻ സംവിധാനം

6111 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഖ്യാപിത, അപ്രഖ്യാപിത പവർകട്ടും അപ്രതീക്ഷിത സാഹചര്യങ്ങളിൽ സംഭവിക്കുന്ന വൈദ്യുതി തടസ്സങ്ങളും രേഖപ്പെടുത്താൻ വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിലുണ്ടായ പ്രഖ്യാപിത, അപ്രഖ്യാപിത പവർകട്ടുകളും അപ്രതീക്ഷിത വൈദ്യുതി തടസ്സങ്ങളും ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) മഴ ആരംഭിച്ചതോടെ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വൈദ്യുതി തടസ്സമുണ്ടാകുന്നത് കാസർഗോഡ് ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രദേശങ്ങൾ ഏതൊക്കെയാണെന്നും നിരന്തരം വൈദ്യുതി തടസ്സമുണ്ടാകുന്നത് എന്തുകൊണ്ടാണെന്നും ആയതിന് ശാശ്വത പരിഹാരം എപ്പോൾ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ?

## വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ

6112 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിലേക്കായി കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## റിസർവോയറുകളിലെ സോളാർ നിലയങ്ങൾ

6113 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റിസർവോയറുകളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സാധ്യതാപഠനം നടത്താൻ സർക്കാർ ചുമതലപ്പെടുത്തിയ അനർട്ട് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## ഗുരുവായൂരിലെ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതവത്കരണം

6114 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സൗരോർജ്ജം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ വൈദ്യുതവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## അനെർട്ടിലെ നിയമനങ്ങൾ

6115 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനെർട്ട് മേധാവി വിവിധ പ്രോജക്ടുകളിലേയ്ക്കോ, ഗവേഷണപഠന പ്രവർത്തനത്തിനോ കരാർ വ്യവസ്ഥയിലോ, കൺസൽട്ടൻസി വ്യവസ്ഥയിലോ, ദിവസ വേതനത്തിലോ ഇതുവരെ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നിയമനം ലഭിച്ചവരുടെ ലിസ്റ്റ്, തസ്തിക, നിയമന കാലാവധി, നിയമന രീതി, നിയമന ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ അനെർട്ട് മറ്റ് സർക്കാർ ഏജൻസികൾ മുഖേന കരാർ വ്യവസ്ഥയിലോ, കൺസൽട്ടൻസി വ്യവസ്ഥയിലോ, ദിവസ വേതനത്തിലോ ഇതുവരെ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; നിയമിച്ചവരുടെ ലിസ്റ്റ്, തസ്തിക, നിയമന കാലാവധി, ഏജൻസി, നിയമന ഉത്തരവുകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(സി) സർക്കാർ ഉത്തരവോ, അനുമതിയോ ഇല്ലാതെ അനെർട്ട് മേധാവിയ്ക്ക് വിവിധ പ്രോജക്ടുകളിലേയ്ക്കോ, ഗവേഷണപഠനത്തിനോ, കൺസൽട്ടൻസി പ്രവർത്തനങ്ങൾക്കോ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുവാദം ഉണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്കോ , ഗവേണിംഗ് ബോഡിയ്ക്കോ ജീവനക്കാരെ നിയമിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള അധികാരം ഉണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട അനെർട്ടിന്റെ റൂളിലും, റെഗുലേഷനിലും എന്തെങ്കിലും മാറ്റം വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഇടുക്കി ജില്ലയിലെ അനർട്ട് സ്ഥാപിച്ച സോളാർ പവർ പ്ലാന്റ്

6116 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ അനർട്ട് സ്ഥാപിച്ച സോളാർ പവർ പ്ലാന്റിന് എത്ര രൂപ ആകെ ചെലവഴിച്ചുവെന്നും അതിന്റെ ശേഷി എത്ര മെഗാവാട്ട്

ആണെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും എന്നാണ് പൂർത്തിയായതെന്നും നിലവിൽ ഈ സോളാർ പവർ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്ലാന്റിൽ നിന്ന് ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി ആകെ ഉല്പാദിപ്പിച്ചുവെന്നും വൈദ്യുതി നൽകിയ ഇനത്തിൽ കെ.എസ്.ഇ.ബി. യിൽ നിന്ന് എത്രതുക അനർട്ടിന് ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) അനർട്ടും കെ.എസ്.ഇ.ബി.യും തമ്മിലുള്ള പ്രസ്തുത പ്രവൃത്തിയുടെ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്ലാന്റിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകൾക്കും ഇൻവെർട്ടറുകൾക്കും വാറന്റിയോ ഗ്യാരണ്ടിയോ നിർമ്മാണ കമ്പനികൾ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷമാണ് നൽകിയിട്ടുള്ളത്; പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) നിലവിൽ ഈ പ്ലാന്റിന്റെ പരിപാലന ചുമതല ആരാണ് നിർവ്വഹിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനായി കരാർ ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## അനെർട്ട്

6117 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീസ് കരാർ വ്യവസ്ഥയിൽ അനെർട്ടിൽ എത്ര ഇലക്ട്രിക് കാറുകൾ ഉപയോഗിക്കുന്നുണ്ട്; ഈ വാഹനങ്ങളുടെ മോഡൽ, ഉപയോഗിക്കുന്ന ഓഫീസുകൾ, ഓരോ വാഹനത്തിനുമുള്ള പ്രതിമാസ വാടക, പ്രതിമാസ ഡ്രൈവർ വേതനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) അനെർട്ടിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താൽക്കാലിക അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേരും, വിലാസവും, നിയമന രീതി, കാലാവധി, ഏജൻസി മുഖേനയാണെങ്കിൽ കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ ;

(സി) അനെർട്ടിന് സ്വന്തമായി എത്ര ഡീസൽ കാറുകൾ ഉണ്ടെന്നും ഇതിലെ ഡ്രൈവർമാരുടെ നിയമന രീതിയും വ്യക്തമാക്കുമോ ; മൂന്ന് മാസത്തിൽ കൂടുതലുള്ള ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണം എന്ന സർക്കാർ ഉത്തരവ് അനെർട്ടിന് ബാധകമാണോ ; ഇല്ലെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനെർട്ടിലെ താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതിലെ പരാമർശങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

## സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം

6118 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിനായി റിട്ട. ജഡ്ജി അദ്ധ്യക്ഷനായ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി എത്ര തവണയാണ് നീട്ടി നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

## യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം

6119 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ?

## സഹകരണ പെൻഷൻ പരിഷ്കരണം

6120 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണം, ക്ഷാമബത്ത അനുവദിക്കൽ എന്നിവ സംബന്ധിച്ച് ആരെങ്കിലും കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ് ആരാണ് ഫയൽ ചെയ്തത്; ഹൈക്കോടതി നിർദേശപ്രകാരം ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ; വിശദമാക്കാമോ;

(സി) ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിനോ പെൻഷൻ ബോർഡിനോ കിട്ടിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) ഈ കമ്മീഷന് വേണ്ടി പെൻഷൻ ബോർഡിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം സഹകരണ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സഹകരണ പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; സഹകരണ പെൻഷൻ പദ്ധതിയിലെ സ്വാശ്രയം എന്ന വിശേഷണം ഒഴിവാക്കി പകരം സർക്കാർ പങ്കാളിത്തം ഉറപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) പ്രാഥമിക സഹകരണ പെൻഷൻകാരുടെ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

6121 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകി വരുന്ന ഉയർന്ന നിരക്കിലും താഴ്ന്ന നിരക്കിലുമുള്ള പെൻഷൻ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പെൻഷൻ പറ്റിയ ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടായിരുന്നോ; നിലവിൽ ക്ഷാമബത്ത നൽകുന്നുണ്ടോ;

(ഡി) ക്ഷാമബത്ത അനുവദിക്കേണ്ടത് ഉചിതമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ക്ഷാമബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മെഡിസെപ് മാതൃകയിൽ ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഗണിക്കുമോ; വിശദമാക്കുമോ?

## സഹകരണ മേഖലയിലെ പെൻഷൻ

6122 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിലവിൽ ഇ.പി.എഫ്. പെൻഷൻ സ്കീമിൽ തുടരുന്ന പി.എ.സി.എസ്.കളിൽ, 2014-ന് ശേഷം ജോലിയിൽ പ്രവേശിച്ചവരെ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാൻ ഇ.പി.എഫ്. തയ്യാറാകാത്തതിനാൽ ഒരു പെൻഷൻ സ്കീമിലും ഉൾപ്പെടാത്ത ജീവനക്കാരുണ്ട് എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അത്തരത്തിലുള്ള ജീവനക്കാരെ സ്വാശ്രയ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിലെ മഴുവഞ്ചേരി ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി

6123 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ മഴുവഞ്ചേരിയിൽ പ്രവർത്തിക്കുന്ന ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിന്റെ ഭാഗമായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്നും കെട്ടിട നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും

അറിയിക്കാമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന പുതിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

## നായനാർ സഹകരണ ഹോസ്പിറ്റലിന്റെ പ്രവർത്തനം

6124 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം എടവണ്ണയിൽ പ്രവർത്തിച്ചിരുന്ന, നായനാർ സഹകരണ ഹോസ്പിറ്റൽ ഭരണ സമിതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സംഘത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘം ആശുപത്രി നിർമ്മാണത്തിനായി എറ്റെടുത്ത ഭൂമി ഇപ്പോൾ എന്ത് ആവശ്യത്തിന് വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി നിർമ്മാണത്തിനായി ലക്ഷ്യമിട്ടിരുന്ന ഭൂമി മറ്റാവശ്യത്തിന് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഇതേ ലക്ഷ്യത്തിനായി മറ്റു സംഘങ്ങൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

## കാർഷിക മേഖലയിലെ സഹകരണ വകുപ്പ് പദ്ധതികൾ

6125 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

## വിദേശരാജ്യങ്ങളിലേക്കുള്ള കാർഷികോല്പന്നങ്ങളുടെ കയറ്റുമതി

6126 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നേരിട്ട് വിദേശ രാജ്യങ്ങളിലേക്ക് നിലവിൽ കയറ്റുമതി നടത്തിയ കാർഷികോല്പന്നങ്ങളുടെ മൂല്യം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം വിദേശരാജ്യങ്ങളിലേയ്ക്കാണ് കാർഷികോല്പന്നങ്ങൾ കയറ്റുമതി നടത്തുന്നത് എന്നറിയിക്കാമോ;

(സി) വിദേശ രാജ്യങ്ങളിലേക്ക് കാർഷികോല്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കാർഷികോല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന അധികനേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കലാ-സാംസ്കാരിക, കായിക രംഗങ്ങളിൽ സഹകരണമേഖലയുടെ സംഭാവന

6127 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാ-സാംസ്കാരിക രംഗത്തും കായിക രംഗത്തും സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് സാസ്കാരിക മ്യൂസിയം സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലൈബ്രറികളുടെ നവീകരണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണമേഖലയുടെ ചരിത്രം അടയാളപ്പെടുത്തുന്ന തരത്തിൽ ചരിത്ര ലേഖന പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കായികമേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ടൂറിസം സഹകരണ സംഘങ്ങൾ

6128 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ടൂറിസം സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നതെന്നും ഇവയുടെ പ്രവർത്തന മികവ് എത്രത്തോളമാണെന്നും വിശദമാക്കാമോ?

## സഹകരണ മേഖലയിലെ വൈവിധ്യവൽക്കരണം

6129 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സൂര്യോദയ വ്യവസായങ്ങളിൽ മുന്നേറാൻ തയ്യാറെടുക്കുമ്പോൾ സഹകരണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട അവസരങ്ങളെ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈവിധ്യവൽക്കരണത്തിലൂടെ ഈ രംഗത്തേക്ക് കടന്നുവരികയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്നു; വിശദമാക്കുമോ;

(സി) ടൂറിസം രംഗത്തും ഹോസ്പിറ്റാലിറ്റി രംഗത്തും നേട്ടമുണ്ടാക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ നിയമം

6130 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമവും ചട്ടവും പ്രകാരം ആർബിട്രേറ്റർ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ വിധി തുകയ്ക്കാണോ വായ്പ മുതൽ ബാക്കി നിൽപ്പിനാണോ ഭാവി പലിശ കൊടുക്കാൻ ഉത്തരവാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ നിയമത്തിലെയും ചട്ടത്തിലെയും ഏത് ചട്ടം പ്രകാരമാണ് ഭാവി പലിശ നൽകാൻ ഉത്തരവാകുന്നതെന്ന് വിശദമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്ന നിയന്ത്രണങ്ങൾ

6131 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ പേരിനൊപ്പം ബാങ്ക് എന്ന് ഉപയോഗിക്കുന്നതിന് റിസർവ് ബാങ്ക് എന്തെങ്കിലും നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിയന്ത്രണങ്ങളെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## സഹകരണ വകുപ്പ് മുഖേനയുള്ള കയറ്റുമതി

6132 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന ഏതെല്ലാം മൂല്യവർദ്ധിത കാർഷിക കാർഷികേതര ഉൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉൽപ്പന്നങ്ങൾ ഏതെല്ലാം രാജ്യങ്ങളിലേയ്ക്കും സ്ഥലങ്ങളിലേയ്ക്കുമാണ് കയറ്റുമതി ചെയ്യുന്നത്; വിശദമാക്കാമോ;

(സി) കൂടുതൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ മേഖലയിൽ സ്ത്രീകൾക്കായുള്ള പദ്ധതികൾ

6133 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളെ സംഘടിപ്പിക്കാനും മുന്നോട്ടു കൊണ്ടുവരാനും സഹകരണമേഖല നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സഹരണമേഖലയിൽ സ്ത്രീകൾക്ക് വരുമാനം സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ ബാങ്ക് നിക്ഷേപങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ

6134 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ എത്ര ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ

6135 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പൊതുനിയമാവലി നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ ഓച്ചന്തുരുത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 72 ന്റെ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ സ്വർണ്ണക്കട എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിന് സഹകരണ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ച നിയമാവലി ഭേദഗതി എറണാകുളം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളിലെ ഡയറക്ടർമാർ

6136 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ഒരേ ആളുകളെ ഡയറക്ടർമാരായി നിയമിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അനഭിലഷണീയമായ പ്രവണതകൾക്ക് വഴിയൊരുക്കുന്ന തരത്തിൽ ചില വ്യക്തികൾ സഹകരണ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## പിറവം മണ്ഡലത്തിലെ റിസ്ക് ഫണ്ട്

6137 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പിറവം മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കാമോ?

## സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള തുടർനടപടികൾ

6138 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിന് വകുപ്പ് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹമാകുന്ന കാലാവധി

6139 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിലാണ് റിസ്ക്ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നത് എന്നറിയിക്കാമോ;

(സി) സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്ത അംഗം മരണമടഞ്ഞാൽ ആറ് മാസത്തിൽ താഴെ കുടിശികയുള്ളവർക്കുമാത്രമാണ് റിസ്ക്ഫണ്ടിൽ നിന്നുള്ള ധനസഹായം ലഭിക്കുകയുള്ളൂ എന്ന നിർദേശം പരിഷ്കരിക്കുന്നതിനും ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലുമായി മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## നൂറ് ദിന കർമ്മ പരിപാടിയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം

6140 **ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയമായ സംവിധാനം എന്ന നിലയിൽ സഹകരണ മേഖലയുടെ പങ്കാളിത്തം നവകേരള സൃഷ്ടിക്കായുള്ള സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാരിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വിപണനം, പട്ടികജാതി-പട്ടികവർഗ്ഗം, വനിതാ-സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകൾക്കെല്ലാം പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചതിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ സഹായം നൽകിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

6141 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖല വഴി പ്രാദേശിക സമ്പദ്ഘടനയെ സംരക്ഷിച്ച് ശക്തിപ്പെടുത്തുന്നതിന് സമഗ്ര കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാർശ്വവൽകൃത ജനവിഭാഗങ്ങൾക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ സജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളെ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പുതിയ മേഖലകളിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പുതിയകാല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രാദേശിക ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ ബാങ്കുകൾ വഴി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>റിസ്ക് ഫണ്ട് അപേക്ഷകളിന്മേലുള്ള തീരുമാനം</u>

6142 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ടിനുള്ള അപേക്ഷ ലഭിച്ചാൽ തുക അനുവദിക്കാൻ നിലവിൽ എത്ര സമയമെടുക്കുമെന്ന് അറിയിക്കാമോ;

(ബി) എന്നുവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നിലവിൽ തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

## <u>നൂറ് ദിന കർമ്മ പരിപാടികൾ സഹകരണ മേഖലയിൽ</u>

6143 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് മുൻഗണനാ മേഖലകൾ നിശ്ചയിച്ച് നടപ്പാക്കിയ നൂറ് ദിന കർമ്മ പരിപാടികളിലൂടെ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഒന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പൂർത്തിയാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(സി) രണ്ടും മൂന്നും നൂറ് ദിന കർമ്മ പരിപാടികളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; നാലാം നൂറ് ദിന കർമ്മ

പരിപാടിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

6144 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബാങ്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മെഡിക്കൽ ഇൻഷുറൻസ് സ്കീം

6145 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ് മാതൃകയിൽ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് മെഡിക്കൽ ഇൻഷുറൻസ് സ്കീം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള ബാങ്കിന്റെ ജപ്തി നടപടികൾ

6146 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം നാളിതുവരെ എത്ര ജപ്തി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ നടപടി പൂർത്തീകരിച്ച് തുക ഈടാക്കുവാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) കേരള ബാങ്ക് നാളിതുവരെ എത്ര തുക കിട്ടാക്കടമായി എഴുതി തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള ബാങ്കിനെ തരംതാഴ്ത്തിയ നടപടി

6147 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് കേരള ബാങ്കിനെ സി ഗ്രേഡിലേക്ക് തരംതാഴ്ത്തിയപ്പോൾ വ്യക്തിഗത വായ്പകളുടെ പരിധി കുറഞ്ഞത് പ്രാഥമിക സഹകരണ സംഘങ്ങളെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പ ഇടപാടുകളിൽ ഇത് ഏതൊക്കെ രീതിയിൽ പ്രതിഫലിക്കും; വിശദാംശം നൽകുമോ?

**<u>കേരള ബാങ്കിന്റെ പ്രവർത്തനങ്ങളുടെ ജനകീയവത്ക്കരണം</u>**

6148 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രവർത്തനം ജനകീയവത്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മറ്റ് പുതുതലമുറ ബാങ്ക് പോലെ കേരള ബാങ്കിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെ സാലറി അക്കൗണ്ട് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കേരള ബാങ്ക് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്കിനെ കൂടുതൽ ജനകീയവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>കേരളാ ബാങ്കിന്റെ റേറ്റിംഗ്</u>**

6149 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിന്റെ റേറ്റിംഗ് 'ബി'യിൽ നിന്ന് 'സി'യിലേക്ക് തരംതാഴ്ത്തിക്കൊണ്ട് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും അറിയിപ്പോ രേഖകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ സോഫ്റ്റ് വെയർ ഏകീകരണം</u>**

6150 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിപ്പിച്ച മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരുടെ വിവിധ തസ്തികകൾ കേരള ബാങ്കിലെ സമാന തസ്തികകളുമായി ലയിപ്പിക്കുന്നതിനും സോഫ്റ്റ് വെയർ ഏകീകരിക്കുന്നതിനുമുള്ള നടപടികൾ അനിശ്ചിതമായി നീണ്ടു പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോഫ്റ്റ് വെയർ ഏകീകരിക്കാത്തതിനാൽ മറ്റു പതിമൂന്ന് ജില്ലകളിലും നൽകിവരുന്ന ആധുനിക സേവനങ്ങൾ മലപ്പുറത്തെ ഇടപാടുകാർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള ബാങ്കിൽ ലയിച്ച പതിമൂന്ന് ജില്ലകളിലെ ജില്ലാ ബാങ്ക് ജീവനക്കാർക്കും വിരമിച്ച ഒഴിവുകൾ അനുസരിച്ച് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് രണ്ട് വർഷത്തിലേറെയായി സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേഡർ ലയനം എന്നു മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ബാങ്ക് മാനേജ്മെന്റിന്

നിയമോപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ</u>**

6151 **ശ്രീമതി യു പ്രതിഭ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുന്നതിനായി സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കേരള ബാങ്കിന്റെ സംഭാവന എന്താണ്; വിശദാംശം നൽകുമോ;

(സി) മുൻഗണനാ മേഖലയിൽ മറ്റു ബാങ്കുകളുടെയും കേരള ബാങ്കിന്റെയും വായ്പാ വിഹിതം താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>കേരള ബാങ്കിലെ വ്യക്തിഗത വായ്പാ പരിധി</u>**

6152 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ റിസർവ് ബാങ്ക് സി ഗ്രേഡിലേക്ക് തരംതാഴ്ത്തിയത് കാരണം കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യക്തിഗത വായ്പ ഇനത്തിൽ നൽകാവുന്ന പരമാവധി വായ്പയുടെ തുക കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് കുറയുന്നതെന്നും നിലവിൽ പരമാവധി നൽകാവുന്ന വ്യക്തിഗത വായ്പയുടെ പരിധി എത്രയെന്നും വിശദമാക്കാമോ;

(സി) കുറഞ്ഞ വായ്പ പരിധിക്ക് മുകളിൽ വായ്പ അനുവദിച്ചിട്ടുള്ള എത്ര ലോണുകൾ നിലവിൽ കേരള ബാങ്കിൽ ഉണ്ടെന്നും ഇത്തരം വായ്പകളിലൂടെ ബാങ്കിനുള്ള ആകെ ബാധ്യത എത്രയാണെന്നും വ്യക്തമാക്കുമോ?

**<u>കേരള ബാങ്കിന്റെ റേറ്റിംഗ്</u>**

6153 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, കേരള ബാങ്കിന്റെ റേറ്റിംഗ് 'ബി'യിൽ നിന്ന് 'സി'യിലേക്ക് തരംതാഴ്ത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മാറ്റം കേരള ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള ബാങ്കിന്റെ റേറ്റിംഗ് താഴ്ത്തിയ നടപടി

6154 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽ നിന്നും സി-ലേയ്ക്ക് തരംതാഴ്ത്തിയത് കാരണം ബാങ്ക് അനുവദിക്കുന്ന വ്യക്തിഗത വായ്പകൾ, മോർട്ട്ഗേജ് വായ്പകൾ എന്നിവയുടെ പരാമവധി പരിധി 40 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി കുറയുമെന്നു പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് ബാങ്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള ബാങ്കിന് ബാധകമായ നിയന്ത്രണങ്ങൾ

6155 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്ക് ആയി മാറിയതിനുശേഷം റിസർവ് ബാങ്കിന്റെ, മുൻപ് ബാധകം അല്ലാതിരുന്ന എന്തൊക്കെ നിയന്ത്രണങ്ങളും നിർദേശങ്ങളുമാണ് ബാധകമായതെന്ന് വിശദമാക്കാമോ;

(ബി) റിസർവ് ബാങ്കിന്റെ പ്രസ്തുത നിയന്ത്രണങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ആയി പ്രവർത്തിച്ചിരുന്നപ്പോൾ നൽകിയിരുന്ന ഏതൊക്കെ സേവനങ്ങളെ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## കേരള ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പുനർനിയമനം

6156 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാരെ പുനർനിയമനം നടത്തുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) കേരള ബാങ്കിൽ നിന്നും 58 വയസ്സ് പൂർത്തിയാക്കി വിരമിച്ച ജീവനക്കാരായ എക്സിക്യൂട്ടീവ് ഡയറക്ടർ സഹദേവൻ, പ്രസിഡന്റിന്റെ പി.എ. അനിൽ വർമ്മ, ജനറൽ മാനേജർ പ്രീത എന്നിവർക്ക് പുനർനിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാർ വിരമിക്കുന്നത് മൂലം കേരള ബാങ്കിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നിർദേശം നൽകുമോ;

ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

**റിസർവ് ബാങ്ക് കേരള ബാങ്കിന് ചുമത്തിയ പിഴ**

6157 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് കേരള ബാങ്കിനോട് നാളിതുവരെ എത്ര രൂപയാണ് പിഴയായി ഒടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്; ഏതൊക്കെ ഇനങ്ങളിലാണ് പിഴ ഒടുക്കാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) റിസർവ് ബാങ്ക് കേരള ബാങ്കിനെ സി ഗ്രേഡിലേക്ക് തരംതാഴ്ത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിരുന്നുവെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**കേരള ബാങ്കിന്റെ ലാഭനഷ്ടക്കണക്ക്**

6158 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിച്ചത് മുതൽ നാളിതുവരെയുള്ള ലാഭ നഷ്ടക്കണക്കുകൾ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി**

6159 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ നിലവിലെ നിഷ്ക്രിയ ആസ്തി എത്രയാണെന്ന് വിശദമാക്കാമോ?

**സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

6160 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**വായ്പ എടുത്തവ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ വായ്പയുടെ പലിശ ഒഴിവാക്കൽ**

6161 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തി മരണപ്പെടുന്ന സാഹചര്യത്തിൽ എത്ര തുക വരെയുള്ള വായ്പയുടെ പലിശയാണ് പൂർണ്ണമായും ഒഴിവാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തിക**

6162 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനരീതികൾ എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പ്രമോഷൻ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ?

**പാലക്കാട് ജില്ലയിലെ സഹകരണ ബാങ്കുകളിലെ കാർഷിക വായ്പകൾ**

6163 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്നും അനുവദിച്ച കാർഷിക വായ്പകളിൽ തിരിച്ചടവ് മുടങ്ങിയതിനാൽ ജപ്തി നടപടി സ്വീകരിക്കുന്നവയുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) കാർഷിക വായ്പ നൽകിയ ഇനത്തിൽ പ്രസ്തുത ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് എത്ര തുക കിട്ടാക്കടമായി നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

**മാരായമുട്ടം സർവീസ് സഹകരണ ബാങ്ക്**

6164 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മാരായമുട്ടം സർവീസ് സഹകരണ ബാങ്ക് (നം.984) എം.ഡി.എസ്./ചിട്ടി നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കേണ്ട തുക കൃത്യമായി നൽകാൻ കഴിയുന്നുണ്ടോ;

(സി) പ്രസ്തുത ബാങ്കിന്റെ തത്തിയൂർ ബ്രാഞ്ചിൽ 9/17-10 പ്രകാരം അഞ്ച് ലക്ഷം രൂപയുടെ സ്കീം ഉണ്ടായിരുന്നോ;

(ഡി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടവർക്ക് ലഭിക്കേണ്ട തുക നൽകിയിരുന്നോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതിൽ അതുല്യ രാജൻ എന്ന വ്യക്തിക്ക് ലഭിക്കേണ്ട തുകയിൽ ഇതേ വരെ എത്ര തുക നൽകി; ബാക്കി തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) തുക നൽകുന്നതിന് തടസ്സമില്ലെങ്കിൽ ഈ തുക ഒറ്റത്തവണയായി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ;

(ജി) തുക നൽകാൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത ബാങ്കിന്റെ ഭരണസമിതിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം

6165 **ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ. പി. കെ. ബഷീർ**

**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനായി കേരള ബാങ്ക് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കുമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സർക്കിൾ സഹകരണ യൂണിയനുകൾ

6166 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കിൾ സഹകരണ യൂണിയനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ എത്രയെണ്ണത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണസമിതി നിലവിലുള്ള സർക്കിൾ സഹകരണ യൂണിയനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; സ്ഥിരം ജീവനക്കാർ ഇല്ലാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും നടപ്പിലാക്കിയിട്ടില്ലാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പിലാക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ;

(ഇ) സർക്കിൾ സഹകരണ യൂണിയനുകളിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം യൂണിയനുകളെന്നും നടപ്പിലാക്കാത്ത യൂണിയനുകൾ ഏതെല്ലാമെന്നും നടപ്പിലാക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ;

(എഫ്) ജീവനക്കാർക്ക് ശമ്പളത്തിന് പുറമെ ഏതൊക്കെ സർവീസ് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന വിശദാംശവും സർവീസ് ആനുകൂല്യങ്ങൾ നൽകാത്ത സർക്കിൾ സഹകരണ യൂണിയനുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; അത് നൽകാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

## കരുവന്നൂർ ബാങ്കിലെ നിക്ഷേപം

6167 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്കിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര പേര്, എത്ര തുകയുടെ നിക്ഷേപം പിൻവലിക്കാനായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കരുവന്നൂർ ബാങ്കിൽ ക്രമക്കേട് കണ്ടെത്തിയത് മുതൽ നാളിതുവരെ എത്ര പേർക്ക് എത്ര തുക തിരിച്ചു നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

## <u>വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട്</u>

6168 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തട്ടിപ്പിനിരയായി നിക്ഷേപതുക നഷ്ടപ്പെട്ടവർക്ക് നിക്ഷേപങ്ങൾ തിരിച്ചുനൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) നഷ്ടപ്പെട്ട തുക നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>സഹകരണ ബാങ്കുകളുടെ ജപ്തി നടപടി</u>

6169 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ ബാങ്കുകൾ എത്ര ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര എണ്ണത്തിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്നും ജപ്തി നോട്ടീസുകൾ ലഭിച്ചതിനെ തുടർന്ന് വായ്പക്കാരോ കുടുംബാംഗങ്ങളോ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) സഹകരണ ബാങ്കുകൾ നിലവിൽ ഏത് നിയമപ്രകാരമാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്കിന് സർഫാസി നിയമപ്രകാരം അല്ലാതെ ജപ്തി നോട്ടീസുകൾ നല്കാൻ സാധ്യമാണോ; വിശദമാക്കുമോ?

## <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പെൻഷൻ കമ്പനിക്ക് നൽകിയ വായ്പ</u>

6170 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് വായ്പ നൽകിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കെതിരെ ആദായ നികുതി വകുപ്പ് നടപടികൾ സ്വീകരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന്റെ കെട്ടിടം</u>**

6171 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ എൻ.സി.ഡി.സി. ലോൺ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത സംഘത്തിന് നാളിതുവരെ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക നൽകാനുണ്ട്; വിശദാംശം അറിയിക്കാമോ;

(സി) കെട്ടിടം പണിത് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ഇനത്തിൽ സംഘത്തിന് നൽകാനുള്ള ബാലൻസ് തുക നൽകണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) സംഘത്തിന് നൽകാനുള്ള ബാലൻസ് തുക എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കാമോ?

**<u>എറണാകുളം ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ</u>**

6172 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>കോ-ഓപ്പ് മാർട്ടുകൾ</u>**

6173 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിക്ക് തറവില ഉറപ്പാക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള കോ-ഓപ്പ് മാർട്ടുകൾ സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ

തെരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

6174 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും, ഏതെല്ലാമെന്നും, ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും, അവയുടെ ആസ്തി- ബാധ്യതകൾ എത്രയെന്നും വിശദമാക്കാമോ;

(സി) പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തിരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

**സഹകരണ സംഘങ്ങളിലെ സബ് സ്റ്റാഫുകളുടെ പ്രമോഷൻ**

6175 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ പുതിയ ഭേദഗതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിലെ സബ് സ്റ്റാഫ് വിഭാഗത്തിൽ നിന്നും ജൂനിയർ ക്ലാർക്ക് വിഭാഗത്തിലേക്കുള്ള പ്രമോഷനുകൾ പ്രതിസന്ധിയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സബ് സ്റ്റാഫുകളുടെ പ്രമോഷൻ സാധ്യതകൾ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

6176 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**സഹകരണ സംഘങ്ങൾ വാടകക്കെടുക്കുന്ന കെട്ടിടങ്ങൾ**

6177 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടം ഇല്ലാത്ത സഹകരണ സംഘങ്ങൾക്ക് വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങളിൽ കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഫർണിഷിംഗ് നടത്തുന്നതിനും

സംഘത്തിന്റെ തുക ചെലവഴിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടങ്ങളുള്ള സംഘങ്ങളും ബ്രാഞ്ചുകൾ ആരംഭിയ്ക്കുന്നത് വാടക കെട്ടിടങ്ങളിലായതിനാൽ അത്തരം സംഘങ്ങൾക്കും ഈ തീരുമാനം അത്തരം സംഘങ്ങൾക്കും ബുദ്ധിമുട്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനിവത്ക്കരണം

6178 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളെ ആധുനികവത്കരിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നത് വ്യക്തമാക്കാമോ?

## സഹകരണസംഘങ്ങൾ കുടിശിക രഹിതമാക്കാൻ നടപടി

6179 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങൾ കുടിശിക രഹിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങളുടെ വായ്പകളിൽ കുടിശിക വരുത്തുന്നത് പ്രധാനമായും ഏതൊക്കെ മേഖലയിലാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കുള്ള ഇളവുകൾ

6180 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടെൻഡർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ പ്രത്യേക ഇളവ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ ഇളവുകളാണ് നിലവിൽ നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഇളവുകൾ ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## സഹകരണ സംഘങ്ങളുടെ പ്രതിസന്ധി തരണംചെയ്യുന്നതിന് പദ്ധതി

6181 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കുടിശികമൂലം സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പകൾ നൽകാൻ പദ്ധതി ആവിഷ്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) കോ-ഓപ് മാർട്ട് എന്ന പദ്ധതിയിലെ നിർദേശങ്ങളിലുള്ള പ്രകാരം കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് വിപണനം നടത്തുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ കൃഷിവകുപ്പിന്റെയോ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

## ഏകീകൃത സോഫ്റ്റ്‌വെയർ പ്രതിമാസ ഉപയോഗ ഫീസ്

6182 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ പ്രതിമാസ ഉപയോഗ ഫീസായി സംഘങ്ങൾ തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകേണ്ടത്; വിശദാംശം നൽകുമോ;

(ബി) സഹകരണ സംഘങ്ങളുടെ ഡാറ്റ പ്രസ്തുത സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകേണ്ടത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയർ സംവിധാനം മുഖേന എസ്.എം.എസ്., മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്. തുടങ്ങിയ മൂല്യവർദ്ധിത സേവനങ്ങൾ ലഭ്യമാകുന്നതിന് സംഘങ്ങൾ പ്രത്യേകം തുക നൽകേണ്ടിവരുമോ; വിശദമാക്കാമോ?

## ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

6183 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എത്ര സഹകരണ സംഘങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചതെന്ന് വിശദമാക്കാമോ;

(ബി) ലാഭത്തിൽ പ്രവത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരുവിവരം ലഭ്യമാക്കാമോ?

## ഇരിട്ടി കീഴൂർ ചാവശ്ശേരി വനിതാ സഹകരണസംഘത്തിനെതിരെയുള്ള പരാതി

6184 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി കീഴൂർ ചാവശ്ശേരി വനിതാ സഹകരണ സംഘത്തിൽ പെരുമ്പറമ്പ് യു.പി.സ്കൂൾ അധ്യാപികയായിരുന്ന ഷീജ സ്ഥിരനിക്ഷേപം നടത്തിയ പതിനെട്ട് ലക്ഷം രൂപ കാലാവധി കഴിഞ്ഞിട്ടും തിരികെ ലഭിക്കുന്നില്ല എന്ന് ചൂണ്ടിക്കാട്ടി

പ്രതിഷേധ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യക്തിക്ക് നിക്ഷേപതുക തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ടിയാൾ ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

**ക്ഷേമപെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങളിൽ നിന്നും നൽകിയ തുക**

6185 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നും, സർക്കാരിന്റെയും സഹകരണ രജിസ്ട്രാറുടേയും ഇടപെടൽ വഴി പണം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം തുക നൽകിയിട്ട് എത്ര വർഷമായെന്നും നൽകിയ തുക ഏതെങ്കിലും സംഘത്തിന് മടക്കി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമൂലമുള്ള അധിക ബാധ്യത**

6186 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ സാമ്പത്തിക നില ഭദ്രമല്ലാത്ത സഹകരണ സംഘങ്ങൾക്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച ചെലവുകൾ അധിക ബാധ്യത സൃഷ്ടിക്കുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

6187 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ സോഫ്റ്റ്‌വെയർ സേവനങ്ങൾ ലഭ്യമാക്കുന്ന എത്ര സഹകരണ സംഘങ്ങളും സ്വകാര്യ കമ്പനികളും ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സോഫ്റ്റ്‌വെയർ സേവനങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾ പ്രസ്തുത സോഫ്റ്റ്‌വെയർ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ സഹകരണ വകുപ്പ് നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇന്റർഫേസ് മുഖേന പരസ്പരം ലിങ്ക് ചെയ്ത് അധിക ചെലവുകൾ ഇല്ലാതെ ഏകീകരിക്കുവാൻ സാധിക്കുമോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ രീതിയിൽ അധിക ചെലവുകൾ ഇല്ലാതെ സോഫ്റ്റ്‌വെയറുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കാതെ ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി 206 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; മത്സരാധിഷ്ഠിത ടെൻഡർ കൂടാതെ പ്രസ്തുത പദ്ധതി ഒരു കമ്പനിക്ക് ഏൽപ്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ?

**സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ**

6188 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സ്റ്റാഫ് പാറ്റേൺ എന്നിവ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ഇതിൽ എന്തെങ്കിലും പരിഷ്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

6189 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; ഇതിൽ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേപ്പിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിച്ച് വരുന്ന പുന്നപ്ര സഹകരണ എൻജിനീയറിംഗ് കോളേജ്, സാഗര സഹകരണ ആശുപത്രി എന്നിവ എന്നാണ് സ്ഥാപിക്കപ്പെട്ടതെന്നും എത്ര ജീവനക്കാരാണ് നിലവിൽ ഇവിടെ ജോലി ചെയ്യുന്നതെന്നും ഇനം തിരിച്ച് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടെ 2016 മുതലുള്ള വാർഷിക വരവും ചെലവും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പുന്നപ്ര സഹകരണ ആശുപത്രിയിൽ 2016 മുതൽ നാളിതുവരെ ചികിത്സ തേടിയ ഒ. പി., ഐ.പി. രോഗികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ വന്നശേഷം ഈ രണ്ട് സ്ഥാപനങ്ങളിൽ പുതുതായി ആരെയൊക്കെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ നിയമന രീതിയും ഇന്റർവ്യൂ നടത്തിയിട്ടുണ്ടെങ്കിൽ ഇന്റർവ്യൂ ബോർഡ് അംഗങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കാമോ;

(എഫ്) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകർ എത്ര വർഷമായി ഇതേ കോളേജിൽ തന്നെ ജോലി ചെയ്തുവരുന്നുവെന്ന് പേര്, തസ്തിക എന്നിവ സഹിതം വ്യക്തമാക്കാമോ?

## മാനുവൽ ഡ്രെഡ്ജിംഗ് മുഖേന മണൽ നീക്കാൻ നടപടി

6190 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലേക്ക് യാനങ്ങളുടെ സഞ്ചാരം സുഗമമാക്കുന്നതിലേക്കായി തുറമുഖങ്ങളിലെ മണൽ മാനുവൽ ഡ്രെഡ്ജിംഗ് മുഖേന നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ അതുവഴി ശേഖരിക്കുന്ന മണൽ സുതാര്യമായ മാർഗ്ഗത്തിലൂടെ പൊതുജനങ്ങൾക്ക് പ്രാദേശികമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## വിഴിഞ്ഞം തുറമുഖത്തേയ്ക്കുള്ള റെയിൽവെ പാതയുടെ ഡി.പി.ആർ.

6191 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ചരക്കു നീക്കത്തിനുള്ള റെയിൽ പാതയുടെ ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് റെയിൽവെ പാത നിർമ്മാണത്തിന് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ; റെയിൽവെ പാത നിർമ്മാണത്തിനുള്ള തുക സംസ്ഥാന സർക്കാരാണോ വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

6192 **ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ അനുബന്ധ വികസന പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കുമോ?

## ചരക്ക് - യാത്രാ കപ്പൽ സർവ്വീസ്

6193 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ തുറമുഖങ്ങളിൽ നിന്നും ലക്ഷദ്വീപ്, ഗോവ, മാംഗ്ളൂർ എന്നിവിടങ്ങളിലേക്ക് ചരക്ക്, യാത്രാ കപ്പൽ സർവ്വീസ് എന്നിവ ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർവീസുകൾ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റാക്കുന്നതിനുള്ള നടപടികൾ</u>**

6194 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) ആയതിനുള്ള പരിശോധനകൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കാമോ?

**<u>ചോമ്പാൽ ഹാർബറിലെ തർക്കം</u>**

6195 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഫിഷിംഗ് ഹാർബറിൽ മറ്റു മേഖലകളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനവും വിപണനവും നടത്തുന്നതിന് അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) കൊയിലാണ്ടി മേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ ചോമ്പാൽ ഹാർബറിൽ മത്സ്യബന്ധനം, വിപണനം എന്നിവ നടത്തുന്നതുമായി ബന്ധപ്പെട്ട് തർക്കം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തർക്കത്തിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ചോമ്പാൽ ഹാർബറിൽ മത്സ്യത്തൊഴിലാളികൾ, മത്സ്യക്കച്ചവടക്കാർ, ദല്ലാളന്മാർ തുടങ്ങിയവർ തമ്മിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) സംഘർഷാവസ്ഥ ഉണ്ടാകുന്നത് തടയുന്നതിനായി ഇവർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ആലപ്പുഴ - ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനുള്ള ടെർമിനലുകൾ</u>**

6196 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിക്ഷേപിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ടെർമിനലുകളുടെ നിർമ്മാണത്തിന്

തുറമുഖ വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കാമോ?

## വടകര മണ്ഡലത്തിലെ അഴിത്തല ഫിഷ് ലാൻഡിങ് സെൻറർ

6197 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിത്തലയിൽ ഫിഷ് ലാൻഡിങ് സെൻറർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി വിദഗ്ധ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അഴിത്തല ഫിഷ് ലാൻഡിങ് സെൻറർ സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സർക്കാരിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; എന്തായിരുന്നു സമിതിയുടെ ശുപാർശ എന്നും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ചും അറിയിക്കുമോ?

## അഴീക്കൽ പോർട്ടിൽ വെയർഹൗസുകൾ നിർമ്മിക്കുന്നത്

6198 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ടിലേക്കുള്ള ചരക്കുകൾ സൂക്ഷിക്കുന്നതിന് വേണ്ടി വെയർഹൗസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വർക്ക് ഓർഡർ ലഭിച്ചതാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ചരക്ക് ഇടനാഴി പദ്ധതി

6199 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ തൊഴിൽ മേഖലയിൽ സംഭവിക്കാവുന്ന മാറ്റങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ

6200 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ബോട്ട് സ്രാങ്ക് തസ്തികയിൽ കെ.ഐ.വി ലൈസൻസുള്ളവരെയും പരിഗണിക്കാൻ നടപടി

6201 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെർക്കന്റൈൽ മറൈൻ ഡിപ്പാർട്ടമെന്റ് ലൈസൻസിന് തുല്യമായ കെ.ഐ.വി ലൈസൻസ് കേരള പി.എസ്.സി മുമ്പാകെ ഹാജരാക്കുന്നതിലേയ്ക്കായി അനുവദിയ്ക്കണമെന്ന് ബോട്ട് സ്രാങ്ക് റാങ്ക് ഹോൾഡേഴ്സ് സമർപ്പിച്ചിരുന്ന നിവേദനം കേരള മാരിടൈംബോർഡുമായി ബന്ധപ്പെട്ട് പരിഹരിയ്ക്കുന്നതിനും പ്രസ്തുത ഉത്തരവ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2010/08 പ്രകാരം ബോട്ട് സ്രാങ്ക് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ പ്രസ്തുത തസ്തികയുടെ യോഗ്യത എം.എം.ഡി സർട്ടിഫിക്കറ്റ് ആയിരുന്നുവെന്നതും, എന്നാൽ എം.എം.ഡി സർട്ടിഫിക്കറ്റ് 2011-ൽ നിർത്തലാക്കിയിരുന്നുവെന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരള മാരിടൈം ബോർഡ് നൽകി വരുന്ന ഉൾനാടൻ ജലവാഹനങ്ങളിലെ സ്രാങ്ക് ആയി പ്രവർത്തിക്കുന്നതിനാവശ്യമായ യോഗ്യത സർട്ടിഫിക്കറ്റ് എം.എം.ഡി സർട്ടിഫിക്കറ്റിന് തുല്യമായതിനാൽ കേരള മാരിടൈംബോർഡ് സർട്ടിഫിക്കറ്റുള്ളവരെയും സ്രാങ്ക് തസ്തികയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പരിഗണിക്കാവുന്നതാണ് എന്ന ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തുറമുഖ വകുപ്പിന്റെ എറണാകുളം റീജിയണൽ ഓഫീസ്

6202 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ എറണാകുളം റീജിയണൽ ഓഫീസിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് നിലവിൽ നൽകികൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം റീജിയണൽ ഓഫീസ് ഇവിടെ നിന്നും മാറ്റുന്നതിന് നീക്കം നടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ബോട്ടുകളുടെയും മറ്റ് ജലഗതാഗതയാനങ്ങളുടേയും ലൈസൻസും മറ്റും പുതുക്കി നൽകുന്ന പ്രസ്തുത ഓഫീസ് എറണാകുളത്ത് നിന്നും മാറ്റുന്നത് പൊതുജനങ്ങൾക്ക്

ബുദ്ധിമുട്ടാകുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ദേശീയ പാതാ വികസനത്തിന് ദേവസ്വങ്ങളുടെ സ്ഥലം ഏറ്റെടുക്കൽ

6203 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് വിവിധ ദേവസ്വങ്ങളുടെ ഭൂമി, കെട്ടിടം എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഏതൊക്കെ ദേവസ്വങ്ങളുടെ ഭൂമിയും കെട്ടിടവും ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഭൂമി, കെട്ടിടം എന്നിവ ഏറ്റെടുക്കപ്പെട്ടപ്പോൾ അതിന് നഷ്ടപരിഹാരം ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരത്തുക അതത് ക്ഷേത്രങ്ങൾക്കും സ്ഥാപനങ്ങൾക്കുമാണോ അതോ ദേവസ്വം ബോർഡുകൾക്കാണോ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക അതത് സ്ഥാപനങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമി സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ നഷ്ടപരിഹാര തുക ലഭ്യമാകാതെ പോയ ക്ഷേത്രങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടി

6204 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തീർഥാടകർക്ക് ശബരിമലയുടെ ഇടത്താവളങ്ങളിലും പന്തളത്തും ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം ദേശീയ തലത്തിലും അന്തർദേശീയ തരത്തിലും പ്രചരിപ്പിക്കുന്നതിന് വിപുലമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## മലബാർ ദേവസ്വം ബോർഡ്നിയമം

6205 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് നൽകി വരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

## ദേവസ്വം ബോർഡിന്റെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം

6206 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പി.എസ്.സി റൊട്ടേഷൻ അനുസരിച്ച് സംവരണം മുഖേന നിയമനം നടത്തണമെന്ന 29.02.24- ലെ 794/2024/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## മുക്കം നഗരസഭയിലെ മാമ്പറ്റ വട്ടോളിപ്പറമ്പ് ദേവീക്ഷേത്രത്തിലെ കുളം നവീകരണം

6207 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ മാമ്പറ്റ വട്ടോളിപ്പറമ്പിലെ പൗരാണിക ദേവീക്ഷേത്രത്തിലെ കുളം നവീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വട്ടോളിപ്പറമ്പ് ക്ഷേത്രക്കുളം നവീകരണം ദേവസ്വം ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകൾ

6208 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ എത്ര ദേവസ്വം ബോർഡുകളാണ് ഉള്ളതെന്നും ഓരോ ദേവസ്വം ബോർഡിന്റെയും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളും മറ്റ് സ്ഥാപനങ്ങളുമാണ് ഉള്ളതെന്നും വിശദമാക്കാമോ; ഈ സ്ഥാപനങ്ങളിലായി എത്ര ജീവനക്കാർ ഓരോ ദേവസ്വം ബോർഡിലും ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ എടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ യാഥാർത്ഥ്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ശബരിമലയുൾപ്പെടെയുള്ള വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങൾക്ക് 2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെയും നടപ്പാക്കിയ വിവിധ പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
01-07-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].